2026 AUGUST 10

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# രണ്ട് ലോക റെക്കോർഡുകൾ പിറന്നു;



# ഫൊക്കാന കൺവെൻഷൻ ചരിത്രം കുറിച്ചു



# രണ്ട് ലോക റെക്കോർഡുകൾ സൃഷ്ടിച്ച് ഫൊക്കാന കൺവെൻഷൻ കൊടിയിറങ്ങി



കലഹാരി, പെൻസിൽവേനിയ: അമേരിക്കയിലെയും കാനഡയിലെയും പ്രവാസി മലയാളികളുടെ കൂട്ടായ്മയുടെ കരുത്ത് വിളിച്ചോതിയ ഫൊക്കാനയുടെ 22-ാമത് അന്താരാഷ്ട്ര കൺവെൻഷൻ അക്ഷരാർത്ഥത്തിൽ ചരിത്രമെഴുതിയാണ് സമാപിച്ചത്. കലഹാരി കൺവെൻഷൻ സെന്ററിൽ നടന്ന സമാപന ദിനം അമേരിക്കൻ മലയാളികൾ കാത്തിരുന്ന പുതിയ രണ്ട് ഗിന്നസ് ലോക റെക്കോർഡുകൾ പിറന്നു.

വാദ്യകലാ ആചാര്യൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാരുടെ നേതൃത്വത്തിൽ അഞ്ഞൂറിലധികം പേർ അണിനിരന്ന ചെണ്ടമേളമാണ് ഗിന്നസ് ബുക്കിൽ ആദ്യം ഇടം നേടിയത്. 'Largest Melam Ensemble" എന്ന ഗിന്നസ് ലോകറെക്കോർഡ് ആണ് സൃഷ്ഠിക്കപ്പെട്ടത്. ഇത്രയും ചെണ്ട കലാകാരന്മാർ ഒരുമിച്ച് മുൻപ് ഒരു വേദിയിലും പ്രത്യക്ഷപ്പെട്ടിട്ടില്ല. എല്ലാവർക്കും ഗിന്നസ് സർട്ടിഫിക്കറ്റ് ലഭിക്കും.







പ്രശസ്ത നൃത്താധ്യാപിക ഗുരു ബീനാ മേനോന്റെ ശിക്ഷണത്തിൽ ആയിരത്തിലധികം കലാകാരികൾ അണിനിരന്ന മോഹിനിയാട്ടം പഠനമാണ് (lesson ensemble) മറ്റൊരു ഗിന്നസ് നേട്ടം സ്വന്തമാക്കിയത്. നാലായിരത്തിൽ പരം പേര് പങ്കെടുത്ത മോഹിനിയാട്ടം റെക്കോർഡ് നിലവിലുണ്ട്. ഇത് ഏറ്റവും അധികം പേർ ഒരുമിച്ച് മോഹിനിയാട്ടം പഠനം നടത്തുന്നതിനുള്ള റെക്കോർഡാണ്. എല്ലാവർക്കും ഗിന്നസ് സർട്ടിഫിക്കറ്റ് ലഭിക്കും. പേരിൽ ഗിന്നസ് എന്ന് ഉപയോഗിക്കാം.

വിസ്മയം തീർത്ത ഈ മേളപ്പെരുക്കവും നൃത്തച്ചുവടുകളും അമേരിക്കൻ മണ്ണിലെ എക്കാലത്തെയും വലിയ സാംസ്കാരിക







മുന്നേറ്റങ്ങളിൽ ഒന്നായിരുന്നു.

രാഷ്ട്രീയ, സാംസ്കാരിക, സിനിമാ രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്ത കൺവെൻഷനിൽ ഈ നേട്ടങ്ങൾ പ്രവാസികൾക്ക് ഇരട്ടി മധുരമായി.

കേരളത്തിൽ നിന്നുള്ള നിരവധി പ്രമുഖർ പങ്കെടുത്തു. വി. പി. സജീന്ദ്രൻ എം.എൽ.എ, തിരുവനന്തപുരം മേയർ വി. വി. രാജേഷ്, പത്മഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, കേരള നിയമസഭ ചീഫ് വിപ്പ് അപു ജോൺ ജോസഫ് എം.എൽ.എ, പൂഞ്ഞാർ എം.എൽ.എ. സെബാസ്റ്റ്യൻ, കെ.പി.സി.സി വൈസ് പ്രസിഡന്റും വീക്ഷണം മാനേജിംഗ് ഡയറക്ടറുമായ അഡ്വക്കേറ്റ് ജെയ്സൺ ജോസഫ്, പദ്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ, സംവിധായകനും ഗായകനുമായ നാദിർ ഷാ, നടി നവ്യ നായർ, എഴുത്തുകാരായ ടി.ഡി. രാമകൃഷ്ണൻ, കെ.വി. മോഹൻ കുമാർ ഐ എ എസ്, മജീഷ്യൻ മുതുകാട്, എന്നിവർക്കൊപ്പം 24 ന്യൂസിന്റെ എഡിറ്റർ ഇൻ ചാർജ് പി.പി. ജെയിംസ്, മുതിർന്ന മാധ്യമ പ്രവർത്തകൻ ജോൺ മുണ്ടക്കയം എന്നിവരും സമ്മേളനത്തെ ആകർഷകമാക്കി.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ, ആൽബർട്ട് ആന്റണി എന്നിവരുടെ നേതൃത്വത്തിൽ റെക്കോർഡ് നേട്ടത്തിന്റെ തിളക്കത്തോടെയാണ് ഇത്തവണത്തെ ഫൊക്കാന മഹാസംഗമത്തിന് പെൻസിൽവാനിയയിൽ കൊടിയിറങ്ങിയത്.








സമാപന സമ്മേളനത്തിൽ നവ്യ നായർ നൃത്തം അവതരിപ്പിച്ചു. നാദിർ ഷായുടെ നേതൃത്വത്തിലുള്ള സിനി ഫ്യൂഷൻ പരിപാടിയും മികച്ചതായി. തലേന്ന് അമേരിക്കയിലെ പ്രതിഭകൾ അവതരിപ്പിച്ച അമേരിക്ക ഗോട്ട് ടാലന്റ് പരിപാടിയും ഏറെ ശ്രദ്ധേയമായി. (ഓരോ പ്രോഗ്രാമിന്റെയും റിപ്പോർട്ടുകൾ വായിക്കുക)



























MALABAR
GOLD & DIAMONDS
NOW OPEN
IN
SANTA
CLARA
Town Centre
2046 El Camino Real,
Santa Clara, CA, 95050



# ഫൊക്കാനയുടെ ചെണ്ടപ്പഞ്ചാരിമേളം ഗിന്നസ് ലോകറെക്കോർഡിൽ

## ലോകം സാക്ഷ്യം വഹിച്ച മലയാളിയുടെ ചരിത്രതാളം




“”Largest Melam Ensemble” എന്ന ഗിന്നസ് നേട്ടം സ്വന്തമാക്കി ഫൊക്കാന; മാസങ്ങൾ നീണ്ട പരിശീലനത്തിന്റെയും അതുല്യമായ ഏകോപനത്തിന്റെയും ചരിത്രവിജയം

ലോകമെമ്പാടുമുള്ള മലയാളികളുടെ അഭിമാനമായി ഫൊക്കാനയുടെ ചെണ്ടപ്പഞ്ചാരിമേളം ഗിന്നസ് വേൾഡ് റെക്കോർഡിൽ ഇടം നേടി. 2026 ഓഗസ്റ്റ് 8-ന് പെൻസിൽവാനിയയിലെ കലയാഹാരി റിസോർട്ടിൽ, ഫൊക്കാന അന്താരാഷ്ട്ര കൺവൻഷന്റെ ഭാഗമായി നടന്ന മഹത്തായ ചെണ്ടപ്പഞ്ചാരിമേളം ഗിന്നസ് വേൾഡ് റെക്കോർഡ്സ് അധികൃതരുടെ സാന്നിധ്യത്തിൽ വിജയകരമായി പൂർത്തിയാക്കി.

“”Largest Melam Ensemble” എന്ന ഗിന്നസ് ലോകറെക്കോർഡ്







നേട്ടത്തോടെ, ഉത്തര അമേരിക്കൻ മലയാളി സമൂഹത്തിന്റെ കലാപാരമ്പര്യത്തിന് പുതിയൊരു ചരിത്രഅധ്യായമാണ് എഴുതപ്പെട്ടത്.

ഈ ചരിത്രനേട്ടത്തിന് പിന്നിൽ ഫൊക്കാന പ്രസിഡന്റ് ഡോ. സാജിമോൻ ആന്റണിയുടെ നേതൃത്വവും, ദൗത്യത്തിന്റെ പ്രധാന ഏകോപകരായ സാജ് കാവിന്റെ അരികത്ത്, മനോജ് ജോസഫ് വട്ടപ്പള്ളിൽ എന്നിവരുടെ അക്ഷീണ പ്രവർത്തനവും നിർണായകമായി. ആശാന്മാരെയും വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ചെണ്ടകലാകാരന്മാരെയും ഒരൊറ്റ ലക്ഷ്യത്തിലേക്ക് ഏകോപിപ്പിക്കുന്നതിൽ മാസങ്ങളോളം നീണ്ട പരിശ്രമമാണ് ഈ വിജയത്തിന് അടിത്തറയായത്.

ഒരു ഗിന്നസ് റെക്കോർഡ് സൃഷ്ടിക്കുക എന്ന ആശയം സ്വപ്നമായി ആരംഭിച്ചെങ്കിലും, അതിന്റെ യാത്ര അതിനേക്കാൾ വലിയൊരു സാമൂഹിക ദൗത്യമായി മാറുകയായിരുന്നു. അമേരിക്കയിലെയും കാനഡയിലെയും വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ചെണ്ടകലാകാരന്മാരും ആശാന്മാരും വിദ്യാർത്ഥികളും മാസങ്ങളോളം ഒരുമിച്ച് പരിശീലിച്ചു. വിവിധ നഗരങ്ങളും സംസ്ഥാന അതിർത്തികളും മറികടന്ന്, ഒരേ താളവും ഒരേ അച്ചടക്കവും ഒരേ ലക്ഷ്യവും കൈവരിക്കാനുള്ള കൂട്ടായ പരിശ്രമം തുടർന്നു.

അങ്ങനെ, ഗിന്നസ് വേദിയിൽ മുഴങ്ങിയ ചെണ്ടത്താളം ഒരു റെക്കോർഡിന്റെ ശബ്ദം മാത്രമായിരുന്നില്ലഉത്തര അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യത്തിന്റെയും സഹകരണത്തിന്റെയും സംസ്കാരത്തിന്റെയും ശബ്ദമായി അത് മാറി

## റെക്കോർഡിനപ്പുറം, ഒരു കൂട്ടായ്മയുടെ വിജയം

ഈ വിജയത്തിന്റെ യഥാർഥ വലുപ്പം ഗിന്നസ് സർട്ടിഫിക്കറ്റിൽ





മാത്രം അളക്കാനാവില്ല. മാസങ്ങളോളം ഒരുമിച്ച് പരിശീലിച്ച കലാകാരന്മാർക്കിടയിൽ രൂപപ്പെട്ട സൗഹൃദങ്ങളും വിവിധ ചെണ്ടപഠനശാലകൾ തമ്മിൽ വളർന്ന സഹകരണവും സംസ്ഥാന അതിർത്തികൾക്കപ്പുറം രൂപപ്പെട്ട ബന്ധങ്ങളുമാണ് ഈ സംരംഭത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങൾ.

കലയുടെ പേരിൽ ആളുകളെ ഒന്നിപ്പിക്കാനും, വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നുള്ളവരെ ഒരേ ലക്ഷ്യത്തിനായി പ്രവർത്തിപ്പിക്കാനും കഴിയുമെന്ന് ഈ സംരംഭം തെളിയിച്ചു. ഒരു റെക്കോർഡ് സൃഷ്ടിക്കാനായിരുന്നു തുടക്കം. എന്നാൽ അതിനിടയിൽ ഒരു സമൂഹത്തെ കൂടുതൽ അടുപ്പിക്കുന്ന മറ്റൊരു ചരിത്രവും സൃഷ്ടിക്കപ്പെട്ടു.

## മട്ടന്നൂരിന്റെ നേതൃത്വത്തിൽ ചരിത്രതാളം

ഈ ചരിത്ര ചെണ്ടപ്പഞ്ചാരിമേളത്തിന് നേതൃത്വം നൽകിയത് പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ ആയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വവും സാന്നിധ്യവും മഹാപ്രകടനത്തിന് അപൂർവമായ കലാപരമായ ഉയരം നൽകി.



കലാമണ്ഡലം ശിവദാസന്റെ സാന്നിധ്യവും അദ്ദേഹത്തിന്റെ ശിഷ്യസമൂഹത്തിന്റെ സജീവ പങ്കാളിത്തവും പരിപാടിക്ക് വലിയ ആവേശം പകർന്നു. ഉത്തര അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അദ്ദേഹത്തിന്റെ ശിഷ്യരുടെ പങ്കാളിത്തം ഈ മഹാദൗത്യത്തിന് കൂടുതൽ കരുത്തേകി.

ഡെട്രോയിറ്റിലെ പ്രശസ്ത ചെണ്ട ഗുരുവായ രാജേഷ് നായരും, കാനഡ ആസ്ഥാനമായി പ്രവർത്തിക്കുന്ന കലാപാരമ്പര്യത്തിന്റെ പ്രതീകമായ കലാനിലയം കലാധരൻ മാരാരും പരിശീലനത്തിന്റെയും ഏകോപനത്തിന്റെയും വിവിധ ഘട്ടങ്ങളിൽ നിർണായക നേതൃത്വം നൽകി. വിവിധ സംഘങ്ങളെ ഒരേ നിലവാരത്തിലേക്കും ഒരേ താളത്തിലേക്കും എത്തിക്കുന്നതിൽ അവരുടെ മാർഗനിർദ്ദേശം വലിയ കരുത്തായി.

## ഏകോപനത്തിന്റെ മാതൃക

ഇത്രയും വലിയൊരു ചെണ്ടപ്പഞ്ചാരിമേളം വിജയകരമായി നടത്തുക എന്നത് വലിയൊരു സംഘടനാപരമായ വെല്ലുവിളിയായിരുന്നു. രജിസ്ട്രേഷൻ മുതൽ പരിശീലനം വരെ, ആശാന്മാരെയും വിവിധ സംഘങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതുമുതൽ ഗിന്നസ് മാനദണ്ഡങ്ങൾ പാലിക്കുന്നതു വരെ, ഓരോ ഘട്ടത്തിലും സൂക്ഷ്മമായ ഏകോപനം ആവശ്യമായിരുന്നു

ഈ ദൗത്യത്തിന്റെ ഏകോപനത്തിൽ സാജ് കാവിന്റെ അരികത്തും മനോജ് ജോസഫ് വട്ടപ്പള്ളിലും നിർണായക പങ്കുവഹിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡയിൽ നിന്നുമുള്ള സംഘങ്ങളെ ഒരൊറ്റ ടീമാക്കി മാറ്റുന്നതിലും അവസാനഘട്ട ഒരുക്കങ്ങൾ ഏകോപിപ്പിക്കുന്നതിലും അവരുടെ പ്രവർത്തനം ശ്രദ്ധേയമായി.

## ഫൊക്കാന നേതൃത്വത്തിന്റെ സ്വപ്നം യാഥാർഥ്യമായി

ഫൊക്കാന പ്രസിഡന്റ് ഡോ. സാജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട ഈ സ്വപ്നപദ്ധതി, ഒടുവിൽ ഗിന്നസ് ലോകറെക്കോർഡായി മാറുകയായിരുന്നു.



ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവരുടെയും മുഴുവൻ ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും പിന്തുണയും നേതൃത്വവും ഈ മഹാസംരംഭത്തിന്റെ വിജയത്തിൽ നിർണായകമായി.

ഒരു ആശയം സ്വപ്നമായി ആരംഭിച്ച്, കലാകാരന്മാരുടെ അർപ്പണബോധവും ആശാന്മാരുടെ നേതൃത്വവും സംഘാടകരുടെ ഏകോപനവും ഫൊക്കാന നേതൃത്വത്തിന്റെ പിന്തുണയും ചേർന്നപ്പോൾ അത് ലോകറെക്കോർഡായി മാറി.

## ലോകം കേട്ട മലയാളിയുടെ ചെണ്ടത്താളം

ഫൊക്കാന അന്താരാഷ്ട്ര കൺവൻഷന്റെ ഭാഗമായി നടന്ന ഈ ചരിത്ര ചെണ്ടപ്പഞ്ചാരിമേളം, ലോകവേദിയിൽ മലയാളിയുടെ പാരമ്പര്യ കലയുടെ ശക്തമായ സാന്നിധ്യമാണ് അടയാളപ്പെടുത്തിയത്.

ഗിന്നസ് വേൾഡ് റെക്കോർഡ്സ് അധികൃതരുടെ സാന്നിധ്യത്തിൽ, ഔദ്യോഗികമായി 'Largest Melam Ensemble" എന്ന നേട്ടത്തിലേക്ക് ഉയർന്ന ഈ ചെണ്ടപ്പഞ്ചാരിമേളം ഇനി ഫൊക്കാനയുടെ ചരിത്രത്തിലെ അഭിമാനകരമായ ഒരു അധ്യായമാണ്.

എന്നാൽ ഗിന്നസ് സർട്ടിഫിക്കറ്റിനപ്പുറം ഈ വിജയത്തിന്റെ യഥാർഥ പാരമ്പര്യം നിലനിൽക്കുംഒരുമിച്ച് പരിശീലിച്ചവരുടെ സൗഹൃദങ്ങളിൽ, ആശാന്മാരും ശിഷ്യന്മാരും തമ്മിൽ വളർന്ന ബന്ധങ്ങളിൽ, വിവിധ പ്രദേശങ്ങളിലെ കലാസംഘങ്ങൾ തമ്മിലുള്ള സഹകരണത്തിൽ, ഒരേ ലക്ഷ്യത്തിനായി ഒരുമിച്ച് പ്രവർത്തിച്ച ഒരു സമൂഹത്തിന്റെ ഓർമ്മകളിൽ. ഒരു റെക്കോർഡ് സൃഷ്ടിക്കാനായിരുന്നു തുടക്കം.? ഒരു സമൂഹത്തെ ഒന്നിപ്പിക്കുകയായിരുന്നു അതിന്റെ യാത്ര.? ലോകം കേട്ടത് ഒരു ചെണ്ടമേളം മാത്രമല്ലമലയാളിയുടെ ഐക്യത്തിന്റെ താളമായിരുന്നു.

## ഫൊക്കാനയുടെ ചെണ്ടപ്പഞ്ചാരിമേളം ഇനി ഒരു പരിപാടിയല്ല.

അത് ഒരു ചരിത്രമാണ്.? ഒരു കൂട്ടായ്മയുടെ ചരിത്രം.? ഒരു സംസ്കാരത്തിന്റെ ചരിത്രം.? ഒരു സമൂഹത്തിന്റെ ഐക്യത്തിന്റെ ചരിത്രം.? ലോകം കേട്ട മലയാളിയുടെ ഗിന്നസ് താളത്തിന്റെ ചരിത്രം.



# സഹസ്രദളങ്ങൾ വിടർന്നതുപോലെ നർത്തകർ; കൽഹാരിയിൽ കേരളത്തിന്റെ ലാസ്യത്തിന് ഗിന്നസ് തിളക്കം



മീട്ടു റഹ്മത്ത് കലാം

പെൻസിൽവേനിയ: കാലത്തിന്റെ കനകച്ചിലങ്കകൾ കാലിലണിഞ്ഞ്, കേരളത്തിന്റെ ലാവണ്യകലയുടെ സൗന്ദര്യം ലോകവേദിയിൽ അടയാളപ്പെടുത്തുന്ന അപൂർവ നിമിഷത്തിന് കൽഹാരി റിസോർട്ട് സാക്ഷിയായി. ഫൊക്കാന അന്താരാഷ്ട്ര കൺവൻഷന്റെ ഭാഗമായി ആയിരത്തിലേറെ നർത്തകികൾ ഒരേ വേദിയിൽ അണിനിരന്ന് അവതരിപ്പിച്ച മോഹിനിയാട്ടം ഗിന്നസ് ലോക റെക്കോർഡ് നേട്ടമായി മാറി. സഹസ്രദളങ്ങൾ വിടർന്നതുപോലെ നർത്തകർ ഒരേ താളത്തിൽ ചുവടുവച്ചപ്പോൾ അമേരിക്കൻ മണ്ണിൽ വിരിഞ്ഞത് കേരളത്തിന്റെ ലാസ്യസൗന്ദര്യത്തിന്റെ അപൂർവ ദൃശ്യവിസ്മയമായിരുന്നു.

അമേരിക്കയിലെയും കാനഡയിലെയും വിവിധ ഭാഗങ്ങളിൽ നിന്നായി ദൂരം മറന്ന് എത്തിയ ആയിരത്തിലേറെ നൃത്തോപാസകരാണ് ഈ മഹാസംരംഭത്തിന്റെ ഭാഗമായത്. പ്രവാസത്തിന്റെ തിരക്കുകൾക്കിടയിലും മാതൃഭൂമിയുടെ സംസ്കാരവും പാരമ്പര്യവും ഹൃദയത്തിൽ സൂക്ഷിക്കുന്ന നർത്തകികളുടെ ഈ മഹാസംഗമം കേരളീയ കലയുടെ ആഗോള പ്രസക്തി വിളിച്ചോതി.

വെറും ഒരു ദിവസംകൊണ്ട് ഒരുക്കിയ അവതരണമായിരുന്നില്ല ഇത്. മാസങ്ങളോളം നീണ്ട പരിശീലനത്തിന്റെയും ഏകോപനത്തിന്റെയും ഫലമായിരുന്നു ഗിന്നസ് നേട്ടത്തിലേക്കെത്തിയ ഈ മഹാവതരണം. വ്യത്യസ്ത നൃത്തവിദ്യാലയങ്ങളിൽ പരിശീലനം നേടിയ നർത്തകരെ ഒരേ ചുവടിലേക്കും ഒരേ താളത്തിലേക്കും ഒരേ അവതരണശൈലിയിലേക്കും കൊണ്ടുവരിക എന്ന വലിയ ദൗത്യമാണ് സംഘാടകരും അധ്യാപകരും ഏറ്റെടുത്തത്.





ഈ ചരിത്രശ്രമത്തിന്റെ പ്രധാന ശില്പികളിലൊരാളായിരുന്നു ഗുരു ബീനാ മേനോൻ. ആയിരത്തിലേറെ നർത്തകരുടെ ചുവടുകളും മുദ്രകളും ഭാവങ്ങളും ഒരേ താളത്തിൽ ഏകോപിപ്പിക്കുന്നതിനായി മാസങ്ങളോളം നീണ്ട പരിശീലനത്തിനും കൊറിയോഗ്രഫിക്കും അവർ നേതൃത്വം നൽകി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള നൃത്താധ്യാപകരെയും ഡാൻസ് സ്കൂളുകളെയും ഏകോപിപ്പിച്ച് ഒരു ഏകീകൃത അവതരണഭാഷ രൂപപ്പെടുത്തുന്നതിലും ബീനാ മേനോന്റെ ഇടപെടൽ നിർണായകമായി.





നിമ്മി ദാസ്, നിമ്മി ബാബു, ബിന്ധ്യ ശബരി, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, ജെയിൻ തെരേസ, ബാബ അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗയ്മാ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, അഞ്ജന പ്രദീപ്, പ്രിയ ലൂയിസ്, ജോജോ കൊട്ടാരക്കര, സുഷമ പ്രവീൺ, മേരിയാൻ മൈക്കിൾ, സുജിത് തോന്നാറിൽ, റുബീന സുദർശൻ, അപർണ ചാറ്റർജി തുടങ്ങി നിരവധി അധ്യാപകരും നൃത്തവിദ്യാലയങ്ങളും പരിശീലനത്തിന്റെയും ഏകോപനത്തിന്റെയും ഭാഗമായി.



കോട്ടയം ലക്ഷ്മി സിൽക്സ് സമർപ്പിച്ച പരമ്പരാഗത കേരളീയ വേഷവിധാനങ്ങളുടെ പ്രൗഢിയിലും നർത്തകർ അരങ്ങിലെത്തി. വെള്ളയും സ്വർണനിറവും കലർന്ന വേഷത്തിൽ ആയിരത്തിലേറെ നർത്തകർ ഒരേ ചുവടിൽ അണിനിരന്നപ്പോൾ കൽഹാരി വേദി കേരളത്തിലെ ഉത്സവവേദിയുടെ പ്രതീതിയിലായി. ലാസ്യഭാവവും കൈമുദ്രകളും ചുവടുകളുടെ കൃത്യമായ ഏകോപനവും ചേർന്ന അവതരണം കാണികൾക്ക് വിസ്മയക്കാഴ്ചയായി.

പ്രാദേശിക സംഘടനകളുടെയും വിവിധ നൃത്തസംഘങ്ങളുടെയും അതിർത്തികൾ മറന്ന് കലാകാരികൾ ഒരേ ലക്ഷ്യത്തിനായി ഒന്നിച്ചതാണ് ഈ



സംരംഭത്തിന്റെ മറ്റൊരു പ്രത്യേകത. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നർത്തകർ പരിശീലനത്തിനായി ഒത്തുചേർന്നത് പ്രവാസി മലയാളി സമൂഹത്തിലെ സാംസ്കാരിക ഐക്യത്തിനും പുതിയ അർഥം നൽകി.

ഗിന്നസ് റെക്കോർഡ് നേടുക എന്നതിലുപരി, കേരളത്തിന്റെ കലാപാരമ്പര്യം അടുത്ത തലമുറയിലേക്ക് കൈമാറുക എന്ന വലിയ ദൗത്യവും ഈ സംരംഭത്തിനുണ്ടായിരുന്നു. പ്രത്യേകിച്ച് യുവതലമുറയെ കേരളീയ കലകളുമായി കൂടുതൽ അടുപ്പിക്കുകയും ഫൊക്കാനയുടെ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുകയും ചെയ്യുന്നതിനുള്ള വേദിയായി ഇത് മാറി.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവരുടെ നേതൃത്വത്തിലാണ് ഈ മഹാസംരംഭം ഒരുക്കിയത്. വിവിധ കമ്മിറ്റികളുടെയും നൃത്താധ്യാപകരുടെയും പരിശീലകരുടെയും കലാകാരികളുടെയും നൂറുകണക്കിന് സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ പരിശ്രമമാണ് ഒടുവിൽ ഗിന്നസ് നേട്ടത്തിലേക്ക് വഴിതുറന്നത്.

ഒരേ വേദിയിൽ ആയിരത്തിലേറെ നർത്തകികൾ ഒരേ താളത്തിൽ ചുവടുവച്ചപ്പോൾ അത് ഒരു റെക്കോർഡ് നേട്ടത്തിന്റെ കാഴ്ച മാത്രമായിരുന്നില്ല. ലോകത്തിന്റെ വിവിധ കോണുകളിൽ കഴിയുന്ന മലയാളികളുടെ ഹൃദയങ്ങളിൽ കേരളം ഇന്നും അതേ താളത്തിൽ സ്പന്ദിക്കുന്നുവെന്നതിന്റെ ശക്തമായ പ്രഖ്യാപനമായിരുന്നു.

കൽഹാരിയിൽ വിടർന്ന ആ ആയിരക്കണക്കിന് നൃത്തച്ചുവടുകൾ, പ്രവാസി മലയാളികളുടെ സാംസ്കാരിക ഐക്യത്തിന്റെയും കേരളീയ പൈതൃകത്തോടുള്ള ആത്മബന്ധത്തിന്റെയും തലമുറകളിലേക്ക് പകരുന്ന കലാസ്നേഹത്തിന്റെയും കനകച്ചിലങ്കകളായി ചരിത്രത്തിൽ പതിഞ്ഞു.





# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ



21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES

KERALA'S NO.1 GOLD BUYER

# അച്ചായൻസ് ഗോൾഡ്

916 HALLMARKED JEWELLERY

എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം

**85900 46 916 | 90613 50 916**

www.achayansgold.in

വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
**BRANDED TROLLEY BAG**
സമ്മാനമായി നൽകുന്നു.
*(4 Lakhs and above*)*




**FOR SPECIAL NRI SERVICES**
CONTACT: **Mr. Shinil Kurian**
**90723 88 173**



# 'ഫൊക്കാന ഇന്ന് ചെറിയ സ്വപ്നങ്ങൾക്ക് അതീതം;
## സ്വപ്നങ്ങളെ പ്രവർത്തനമാക്കി മാറ്റി': സജിമോൻ ആന്റണി




**മീട്ടു റഹ്മത്ത് കലാം**

പെൻസിൽവേനിയ:സംഘടനാ പ്രവർത്തനങ്ങളിലൂടെ കേവലം സ്വപ്നങ്ങൾ കാണുക മാത്രമല്ല, അവയെ യാഥാർഥ്യമാക്കി മാറ്റാൻ ഫൊക്കാനയ്ക്ക് കഴിഞ്ഞുവെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി. 'അമേരിക്ക ചെറിയ സ്വപ്നങ്ങൾ കാണാനുള്ള ഇടമല്ലെന്ന് രണ്ട് വർഷം മുമ്പ് ഞങ്ങൾ പറഞ്ഞിരുന്നു. ഇന്ന് ഫൊക്കാനയും ചെറിയ സ്വപ്നങ്ങൾക്ക് അതീതമായി വളർന്നിരിക്കുന്നു,' പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ടിൽ നടന്ന ഫൊക്കാന കൺവൻഷൻ ഗ്രാൻഡ് ഫിനാലെയിൽ സംസാരിക്കവേ അദ്ദേഹം വ്യക്തമാക്കി.

1983-ൽ തുടക്കമിട്ട ഫൊക്കാന, ഇന്ന് ആഗോള മലയാളികളെ ഒന്നിച്ചുചേർക്കുന്ന പ്രസ്ഥാനമായി മാറിയതിൽ അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തികച്ചും സമാധാനപരവും ഐക്യമുള്ളതുമായ സംഘടനാ അന്തരീക്ഷമാണ് ലക്ഷ്യമിടുന്നത്. 'തെരഞ്ഞെടുപ്പ് ഫലം വരുന്നതോടെ മത്സരങ്ങൾ അവസാനിക്കുകയാണ്; അവിടെ ജയിച്ചവനോ തോറ്റവനോ ഇല്ല, ഒരൊറ്റ ഫൊക്കാന മാത്രമേയുള്ളൂ,' എന്ന തന്റെ പഴയ പ്രഖ്യാപനം ഓർമ്മിപ്പിച്ച അദ്ദേഹം, ഭാവി നേതൃത്വവും ഈ കൂട്ടായ്മയുടെ സംസ്കാരം പിന്തുടരണമെന്ന് അഭ്യർത്ഥിച്ചു.



ആരോടും മത്സരിക്കാതെ എല്ലാവരെയും ചേർത്തുപിടിക്കുന്ന നയമാണ് ഫൊക്കാനയുടേതെന്ന് വ്യക്തമാക്കിയ അദ്ദേഹം, പ്രവാസികൾക്കായി നടപ്പിലാക്കിയ വിവിധ സേവന പദ്ധതികളെക്കുറിച്ചും വിശദീകരിച്ചു. രാജഗിരി ആശുപത്രിയുമായി സഹകരിച്ച് തുടക്കം കുറിച്ച്, പതിനായിരത്തോളം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്ത ഫൊക്കാന മെഡിക്കൽ കാർഡ് പദ്ധതിയും, അമേരിക്കയിൽ സന്ദർശക വിസയിൽ എത്തുന്നവർക്ക് ആശ്വാസമേകുന്ന ഫൊക്കാന ഹെൽത്ത് ക്ലിനിക്കും ഇതിൽ പ്രമുഖമാണ്. താൽക്കാലിക ധനസമാഹരണങ്ങൾക്ക് പകരം ശാശ്വത പരിഹാരം കാണുകയാണ് ഇത്തരം പദ്ധതികളിലൂടെ ലക്ഷ്യമിട്ടതെന്ന് അദ്ദേഹം പറഞ്ഞു.

ഭരണസമിതിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ ലോകശ്രദ്ധ നേടിയ ചരിത്രപരമായ ഇരട്ട ഗിന്നസ് റെക്കോർഡ് നേട്ടങ്ങളെയും പ്രസിഡന്റ് ഓർത്തെടുത്തു. കേരളത്തിന് പുറത്ത് അമേരിക്കൻ മണ്ണിൽ അഞ്ഞൂറോളം കലാകാരന്മാരെ അണിനിരത്തി ലോകത്തിലെ ഏറ്റവും വലിയ ചെണ്ടമേളവും, ആയിരത്തോളം നർത്തകിമാരെ പങ്കെടുപ്പിച്ച് ഏറ്റവും വലിയ മോഹിനിയാട്ടവും സംഘടിപ്പിക്കാനായത് വലിയ നേട്ടമാണ്. വാദ്യകലാ ആചാര്യൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ, കലാനിലയം കലാധരൻ ആശാൻ, കലാമണ്ഡലം ശിവദാസ് ആശാൻ, നൃത്താധ്യാപിക ഗുരു ബീനാ മേനോൻ എന്നിവരുടെ പിന്തുണയും സാന്നിധ്യവും ഇതിന് വലിയ കരുത്തായി.

ഗിന്നസ് നേട്ടത്തിന്റെ തലേദിവസം നേരിട്ട നാടകീയമായ പ്രതിസന്ധിയും അദ്ദേഹം വേദിയിൽ വെളിപ്പെടുത്തി. മോഹിനിയാട്ടം ഗിന്നസിൽ ഭാഗമാകേണ്ട ചിലരുടെ വിമാനം റദ്ദായതിനെ തുടർന്ന് പരിപാടി തന്നെ മുടങ്ങുമെന്ന സാഹചര്യം തലേന്ന് വൈകിട്ടോടെ ഉണ്ടായിരുന്നു. പരിഭ്രാന്തി ഒഴിവാക്കാൻ ഇത് രഹസ്യമായി സൂക്ഷിക്കുകയായിരുന്നു. കടുത്ത മാനസിക സംഘർഷത്തിലൂടെ കടന്നുപോയെങ്കിലും, ഒടുവിൽ ചാർട്ടേഡ് വിമാനമടക്കമുള്ള അടിയന്തര ക്രമീകരണങ്ങളിലൂടെയാണ് ആ പ്രതിസന്ധി



മറികടന്നത്.

ഈ റെക്കോർഡ് നേട്ടത്തോടെ വടക്കേ അമേരിക്കയിലെ 1,400-ഓളം മലയാളികൾ ഗിന്നസ് റെക്കോർഡ് പങ്കാളികളായി മാറിയതിൽ വലിയ അഭിമാനമുണ്ടെന്ന് സജിമോൻ ആന്റണി പറഞ്ഞു. ഇതിൽ പങ്കെടുത്ത യുവാക്കളും കുട്ടികളുമാണ് യഥാർത്ഥ കൈയടി അർഹിക്കുന്നതെന്നും, അവർക്ക് കുടുംബത്തിൽ സൂക്ഷിക്കാൻ റെക്കോർഡ് പങ്കാളിത്ത ഫലകം നൽകാൻ കഴിഞ്ഞതും അഭിമാനകരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സംഘാടനത്തിന് മുൻപന്തിയിൽ നിന്ന മനോജ് മടപ്പള്ളി, കാനഡയിലെ രഞ്ജിത്, ഫ്ലോറിഡയിലെ സാജ്, സുനിൽ വീട്ടിൽ എന്നിവരുടെയും, ഒപ്പം നിന്ന് പ്രവർത്തിച്ച ഭരണസമിതി അംഗങ്ങളുടെയും അക്ഷീണ പ്രയത്നമാണ് ഈ വിജയത്തിന് പിന്നിൽ.

പതിനായിരക്കണക്കിന് പ്രവാസികളുടെ ജനപങ്കാളിത്തം തെളിയിക്കുന്നത് ഫൊക്കാനയിലുള്ള ജനവിശ്വാസമാണെന്നും, ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിന്റെ ശക്തമായ അംബ്രല്ല സംഘടനയായി ഫൊക്കാനയെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുകയാണ് അടുത്ത ലക്ഷ്യമെന്നും പറഞ്ഞുകൊണ്ടാണ് സജിമോൻ ആന്റണി തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

















# ABEL'S GARDEN PVT LTD

Karimannoor P.O. Thodupuzha, Idukki,
Kerala, India PIN. 685581
Email/ Phone : hello@abelsgarden.in
Tel:+917034413000, +917034643000, +919778050077

# ഇതൊരു ചരിത്ര വിസ്മയം;

## ഫൊക്കാനയുടെ ചരിത്രത്തിൽ ഇന്നുവരെ കാണാത്ത മഹാസംഗമം': ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ




**മീട്ടു റഹ്മത്ത് കലാം**

പെൻസിൽവേനിയ: ഫൊക്കാനയുടെ ചരിത്രത്തിൽ ഇതുവരെ കാണാത്ത ആവേശോജ്ജ്വലമായ മഹാസംഗമത്തിനാണ് പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ട് സാക്ഷ്യം വഹിച്ചതെന്ന് ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ. കൺവൻഷന്റെ മൂന്നാം ദിനത്തിലെ ഗ്രാൻഡ് ഫിനാലെയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമേരിക്കൻ മണ്ണിൽ മോഹിനിയാട്ടത്തിലും ചെണ്ടമേളത്തിലും ഇരട്ട ഗിന്നസ് ലോക റെക്കോർഡുകൾ സ്വന്തമാക്കാൻ കഴിഞ്ഞത് സംഘടനയുടെ കഠിനാധ്വാനത്തിന്റെയും പ്രസിഡന്റ് സജിമോൻ ആന്റണിയുടെ ദീർഘവീക്ഷണത്തിന്റെയും ഫലമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിവിധ സംഘടനകളുടെ നിരവധി കൺവൻഷനുകളിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും ഫൊക്കാനയുടെ ചരിത്രത്തിൽ ഇതുപോലൊരു കൺവൻഷൻ താൻ കണ്ടിട്ടില്ലെന്ന് ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു. കഴിഞ്ഞ രണ്ടുവർഷത്തെ പ്രവർത്തനങ്ങളുടെ മികവിന് അനുസൃതമായിരിക്കണം കൺവെൻഷനെന്നും അതിനപ്പുറം ചരിത്രമായി മാറുന്ന ഒരു മഹാസംഗമം ഒരുക്കണമെന്നുമുള്ള ആഗ്രഹമാണ് സാക്ഷാത്കരിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി.

'ഇതൊരു വിസ്മയമാണ്. ഒന്നല്ല, രണ്ട് ഗിന്നസ് ലോക റെക്കോർഡുകളാണ് ഇവിടെ സൃഷ്ടിച്ചത്. ഏഴ് കടലുകൾക്കപ്പുറം അമേരി



ക്കോർഡ് സൃഷ്ടിക്കാൻ കഴിഞ്ഞത് വലിയ അഭിമാനമാണ്,‘ ജനറൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

ആയിരം പേരെ പങ്കെടുപ്പിച്ച് മോഹിനിയാട്ടം അവതരിപ്പിക്കാമെന്ന സജിമോൻ ആന്റണിയുടെ ആശയം ആദ്യം കേട്ടപ്പോൾ അതിന്റെ പ്രായോഗികതയെക്കുറിച്ച് സംശയമുണ്ടായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യവും സംഘടനാ പ്രവർത്തകരുടെ പൂർണ്ണ പിന്തുണയുമാണ് ഈ നേട്ടത്തിന് പിന്നിൽ. ആയിരത്തിലേറെ നർത്തകർ അണിനിരന്ന ഈ ഗിന്നസ് റെക്കോർഡിന് പിന്നിൽ സജിമോൻ ആന്റണിക്കൊപ്പം മനോജും ഗുരു ബീനാ മേനോനും ഏകോപനത്തിനും നേതൃത്വം നൽകിയ ഗുരു ബീനാ മേനോന്റെ പരിശ്രമത്തെ അഭിനന്ദിച്ച ശ്രീകുമാർ ഉണ്ണിത്താൻ, 'ഗിന്നസ് ഡോ. ബീനാ മേനോൻ' എന്ന് അവരെ സ്നേഹപൂർവം വിശേഷിപ്പിച്ചു.

ചെണ്ടമേളത്തിലും പ്രതീക്ഷിച്ചതിനേക്കാൾ വലിയ പങ്കാളിത്തമാണ് ലഭിച്ചത്. 400 പേരെ ലക്ഷ്യമിട്ടിരുന്നെങ്കിലും 560 പേർ രജിസ്റ്റർ ചെയ്യുകയും 478 പേർ നേരിട്ട് പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. വാദ്യകലാ ആചാര്യൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാരുടെയും കലാമണ്ഡലം ശിവദാസ് ആശാന്റെയും കലാനിലയം കലാധരൻ

ന്നസ് ചരിത്രത്തിന്റെ ഭാഗമായി മാറി.

യുവതലമുറയെ ഫൊക്കാനയുടെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആകർഷിക്കുകയും, സംഘടനയുടെ നേതൃത്വം അടുത്ത തലമുറയ്ക്ക് കൈമാറുന്നതിനുള്ള അടിത്തറ ഒരുക്കുകയുമായിരുന്നു ഈ റെക്കോർഡുകളുടെ പ്രധാന ലക്ഷ്യം. വലിയ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവിനെക്കുറിച്ച് വിമർശനം ഉന്നയിച്ചവർക്ക് മറുപടിയായി, പണം സമ്പാദിക്കുക മാത്രമല്ല സംഘടനയുടെ ലക്ഷ്യമെന്നും, വരുംതലമുറയ്ക്കും സംസ്കാരത്തിനുമായി നിക്ഷേപം





നടത്തുകയാണ് പ്രധാനമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിൽ പോലും സാധ്യമാകാത്ത തരത്തിലുള്ള രണ്ട് ഗിന്നസ് റെക്കോർഡുകൾ അമേരിക്കൻ മണ്ണിൽ സൃഷ്ടിക്കാൻ കഴിഞ്ഞത് ഫൊക്കാനയുടെ പ്രവർത്തനശേഷിയുടെ തെളിവാണ്.

കൺവൻഷനിലെ ജനപങ്കാളിത്തത്തെക്കുറിച്ചും അദ്ദേഹം ആവേശത്തോടെ സംസാരിച്ചു. ഗോപിനാഥ് മുതുകാടിന്റെ പരിപാടി അർദ്ധരാത്രി 12 മണിയോടെ അവസാനിച്ചപ്പോഴും രണ്ടായിരത്തോളം ആളുകൾ ഹാളിൽ ഉണ്ടായിരുന്നു. മോഹിനിയാട്ട വേഷത്തിൽ നൂറുകണക്കിന് നർത്തകർ ഒരുമിച്ച് സഞ്ചരിച്ചപ്പോൾ ഒരു കടൽ ഒഴുകിയെത്തുന്നതുപോലെയാണ് അനുഭവപ്പെട്ടതെന്നും, ആ കാഴ്ചയും ചെണ്ടമേളത്തിന്റെ താളപ്പെരുക്കവും കൺവെൻഷന്റെ അവിസ്മരണീയ നിമിഷങ്ങളായി മാറിയെന്നും അദ്ദേഹം പറഞ്ഞു.

ഫൊക്കാനയുടെ പ്രവർത്തനവും കൺവെൻഷനും ഒരുപോലെ ചരിത്രമായി മാറിയെന്നും, വരുംകാലങ്ങളിൽ ഇതിലും വലിയ ഉയരങ്ങൾ കീഴടക്കാൻ പുതിയ നേതൃത്വത്തിന് കഴിയട്ടെ എന്നും അദ്ദേഹം ആശംസിച്ചു. രണ്ടു വർഷത്തെ ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയ എക്സിക്യൂട്ടീവ് കമ്മിറ്റി, നാഷണൽ കമ്മിറ്റി, ട്രസ്റ്റി ബോർഡ്, ഫൗണ്ടേഷൻ, ഭാരവാഹികൾ, അംഗസംഘടനകൾ, പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് നന്ദി രേഖപ്പെടുത്തിയാണ് ജനറൽ സെക്രട്ടറി തന്റെ പ്രസംഗം അവസാനിപ്പിച്ചത്.






FOKANA
FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
REGION 7
GEORGIA, TENNESSEE, ALABAMA,
NORTH CAROLINA, SOUTH CAROLINA


FOKANA REGION 14
CANADA


FOKANA
EDERATION OF KERALA ASSOCIATIONS
IN NORTH AMERICA


FOKANA
FEDERATION OF KERALA ASSOCIATIONS
IN NORTH AMERICA
NEW YORK - METRO REGION


Florida
FLORIDA
SUNSHINE REGION





# ഫൊക്കാന: ഫിലിപ്പോസ് ഫിലിപ്പിനും പാനലിനും തകർപ്പൻ വിജയം




കലഹാരി, പെൻസിൽവേനിയ: ഫൊക്കാനയിൽ നടന്ന വാശിയേറിയ മൽസരത്തിൽ ഫിലിപ്പോസ് ഫിലിപ്പ് നേതൃത്വം നൽകുന്ന പാനൽ വിജയിച്ചു.

ആകെ വോട്ട്; പോൾ ചെയ്തത് 604.

മുഖ്യ ഇലക്ഷൻ കമ്മീഷണർ ജോർജി വർഗീസ്, കമീഷണർമാരായ ജോൺ പി. ജോൺ , ബിജു കൊട്ടാരക്കാ എന്നിവരാണ് വിജയികളെ പ്രഖ്യാപിച്ചത്. എതിരില്ലാതെയും പലരും വിജയിച്ചു.

**വിജയികളും വോട്ടും**

പ്രസിഡൻറ്
ഫിലിപ്പോസ് ഫിലിപ്പ് -355
ലീലാ മാരേട്ട് --247

ജനറൽ സെക്രട്ടറി
സന്തോഷ് നായർ --402
ജോർജ് ഓലിക്കൽ -190

ട്രഷറർ
ആന്റോ വർക്കി-354
രേവതി പിള്ള -242

എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ്
ലിൻഡോ ജോളി -എതിരില്ല

വൈസ് പ്രസിഡൻറ്
ജോസി ജെ കരക്കാട്ട് -343
ലാജി തോമസ് -247

അസോസിയേറ്റ് സെക്രട്ടറി
സോണി തോമസ് അമ്പൂക്കൻ -376
ബ്രിഡ്ജറ്റ് ജോർജ് -316

അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി
അജു ഉമ്മൻ -372
ഷാജി സാമുവൽ -216

അസോസിയേറ്റ് ട്രഷറർ
അപ്പുക്കുട്ടൻ പിള്ള--389
ഫാൻസി മോൾ പള്ളാത്തുമഠം --202

അഡീഷണൽ അസോസിയേറ്റ് ട്രഷറർ സ്ഥാനാർത്ഥികൾ
ഗ്രേസ് മറിയ ജോസഫ് -354
ദേവസി പാലാട്ടി --336

വിമൻസ് ഫോറം ചെയർ
ഷൈനി രാജു -348
സരൂപ മോഹൻ --241

ബോർഡ് ഓഫ് ട്രസ്റ്റീസ് (2 പോസ്റ്റ്)
ജോയ് വി ചാക്കപ്പൻ --509
മനോജ് ജെ എടമന--334
സുധ കർത്ത --208

കമ്മിറ്റി (15 പേർ )
ബിജോ വിതയത്തിൽ --420
റെജി വർഗീസ്- 415
അജു എബ്രഹാം 415
ഷൈമി ജേക്കബ് -409
മേരി ഫിലിപ്-399
സുജ ജോസ്--396
ആന്റണി മാത്യു- 368
സുഷമ പ്രവീൺ--368
അനിൽ കുമാർ ദാമോദരൻ പിള്ള -346
ചെറിയാൻ പെരുമാൾ --342ആദർശ് രവീന്ദ്രൻ--342
ശിവ തഷ്ണാത് -341
ജോർജ് നടവയൽ ദേവസ്യ --337
ജിൻസ് ജോസഫ്--265
റോണി വർഗീസ്-264

സുബി ബാബു--261
നിജോ എ. --221
തോമസ് ടി (സുജിത്ത്) സക്കറിയ--211
സാജ് കവിന്റെ അരികത്ത് --210
മാത്യു കുര്യൻ--200
അഖിൽ വിജയൻ --176
ശോശാമ്മ ആൻഡ്രൂസ്--172
മേരി ഇ. ജോസഫ്--165
അഭിലാഷ് ജോണ്--147

യൂത്ത് കമ്മിറ്റി (യുഎസ്എ) 5 അംഗങ്ങൾ
അഷിത അലക്സ് -523
സാറ എൽ പോത്തൻ--404
എബി അലക്സ് --395
ടിയ കെ ബാബു --393
ബിനിൽ ബെന്നി --387
ഫെയ്ത്ത് മറിയ എൽദോ--291
ജോഹൻ ഷിജോ ജോസഫ് -217

യൂത്ത് കമ്മിറ്റി (കാനഡ-എതിരില്ല)
1) അനിത ബിജു ജോർജ്
2) ജൂലി ജോസി കരക്കാട്ട്

ആർവിപി
റീജിയൻ-1: ഫോബി പോൾ ചിട്ടിശ്ശേരി --19
ശിവപ്രകാശ് -18
റീജിയൻ -2
ഉഷാ ജോർജ് --45
ജോൺ കെ ജോർജ് --22

റീജിയൻ -9
ജോൺസൺ കാരിക്കൽ -32
ജോജോമോൻ എ മത്തായി --15

റീജിയൻ 10
റെജി വി. കുര്യൻ --30
വിനോയ് കുര്യൻ --9

താഴെപ്പറയുന്നവർക്ക് എതിരില്ല.

ആർവിപി 3
അഭിലാഷ് പുളിക്കത്തൊടി

ആർവിപി 4
എബ്രഹാം പോത്തൻ

ആർവിപി 5
അജിത്ത് ചാണ്ടി

ആർവിപി 6
സ്റ്റാൻലി എത്തുനിക്കൽ

ആർവിപി 7
ലോണ ബാബു


ആർവിപി 8
രാജീവ് വി കുമാരൻ

ആർവിപി 12
ഗീത ജോർജ്

ആർവിപി 14
ലതാ മേനോൻ

# NEW CAR KEYS
## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®
You're in good hands.

CALL
718 831 6500

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

We Offer 6 Hours Defensive Driving Course in NY/NJ

# 'ലോകം മുഴുവൻ മലയാളിക്കൊപ്പം മലയാളവും സഞ്ചരിക്കണം';

## ഫൊക്കാന സാഹിത്യസമ്മേളനം അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു

പെൻസിൽവേനിയ: ലോകമെമ്പാടുമുള്ള മലയാളികൾ എവിടെയായിരുന്നാലും മാതൃഭാഷയെ ഹൃദയത്തോട് ചേർത്ത് സംരക്ഷിക്കണമെന്ന് പ്രമുഖ ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ ആഹ്വാനം ചെയ്തു. കലഹരിയിൽ നടക്കുന്ന ഫൊക്കാന കൺവൻഷനിലെ സാഹിത്യസമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലയാള ഭാഷയുടെ മഹത്വം, സാഹിത്യസമ്പത്ത്, പൗരാണികമായ സാംസ്കാരിക പൈതൃകം, പ്രവാസി മലയാളികളുടെ ഭാഷാപരമായ ഉത്തരവാദിത്വം എന്നിവയെ ആസ്പദമാക്കിയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രഭാഷണം. കേരളം മലയാളിയുടെ പൗരാണികതയും സംസ്കാരവും ആഴത്തിൽ വേരൂന്നിയ ഭൂപ്രദേശമാണെന്നും അതുകൊണ്ടുതന്നെ മലയാളിയുടെ സ്വഭാവത്തിനും ഭാഷയ്ക്കും സവിശേഷമായ മാറ്റുകളുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ സ്വന്തം ഭാഷയോടുള്ള സമീപനത്തിൽ മലയാളികൾക്ക് ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. മലയാള ലിപിക്ക് പകരം റോമൻ ലിപിയുടെ അമിത ഉപയോഗവും എണ്ണലുകളിൽ 'ഒമ്പത്' എന്ന വാക്കിന്റെ പ്രയോഗം ഉൾപ്പെടെയുള്ള അക്കങ്ങളുടെ ഉച്ചാരണത്തിലെ പിഴവുകളും ഇതിന് ഉദാഹരണമാണ്. വലിയ ഭാഷാ ചരിത്രകാരന്മാർ പോലും ഇത്തരം കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച അദ്ദേഹം, തൊട്ടടുത്ത ഭാഷയായ തമിഴിൽ ഇത്തരം തെറ്റുകൾ കാണുന്നില്ലെന്നും കൂട്ടിച്ചേർത്തു.

താനൊരു കടുത്ത ഭാഷാസ്നേഹിയാണെന്ന് സ്വയം വിശേഷിപ്പിച്ച അടൂർ, സിനിമയിലെ തന്റെ അനുഭവവും പങ്കുവെച്ചു. ആദ്യ സിനിമ മുതൽ അവസാനത്തേത് വരെ ഒരു ചിത്രത്തിലും മലയാളത്തിന് പകരം മറ്റൊരു



ഭാഷയിലെ പേരുകളോ ക്രെഡിറ്റുകളോ നൽകിയിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

ലോകത്തിലെ മഹത്തായ സാഹിത്യസൃഷ്ടികൾക്ക് തുല്യമായ കൃതികൾ സമ്മാനിച്ച ഭാഷയാണ് മലയാളം. ലിയോ ടോൾസ്റ്റോയിയുടെ 'How Much Land Does a Man Need?', രവീന്ദ്രനാഥ ടാഗോറിന്റെ 'കാബൂളിവാല' തുടങ്ങിയ ലോകപ്രശസ്ത കഥകൾക്ക് ഒപ്പം നിൽക്കുന്നവയാണ് തകഴി ശിവശങ്കരപ്പിള്ളയുടെ 'വെള്ളപ്പൊക്കത്തിൽ', പൊൻകുന്നം വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ' തുടങ്ങിയ മലയാള കഥകൾ. മനുഷ്യജീവിതത്തിന്റെ ആഴങ്ങൾ സ്പർശിക്കുന്ന ഇത്തരം സൃഷ്ടികൾ മലയാളത്തിന്റെ വലിയ സമ്പത്താണ്.

കേവലം ഒരു ഭാഷ എന്നതിലുപരി ആയിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുള്ള സാംസ്കാരിക പൈതൃകമാണ് മലയാളം. കൂടിയാട്ടം പോലുള്ള രണ്ടായിരം വർഷത്തിലേറെ പഴക്കമുള്ള കലാരൂപങ്ങൾ ഇന്നും തനിമയോടെ നിലനിൽക്കുന്നത് കേരളത്തിന്റെ അപൂർവ സാംസ്കാരിക സമ്പത്താണ്.

മനുഷ്യത്വത്തിലും പരസ്പര സ്നേഹത്തിലും മലയാളി ലോകത്തിന് മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു കുഞ്ഞിന്റെ ചികിത്സയ്ക്കായി ദിവസങ്ങൾക്കകം കോടിക്കണക്കിന് രൂപ സമാഹരിച്ച സംഭവം ചൂണ്ടിക്കാട്ടി, മലയാളിയുടെ കരുണയും സഹാനുഭൂതിയും അപൂർവമാണെന്ന് മുൻ ഗവർണർ തന്നോട് പറഞ്ഞ അനുഭവവും അടൂർ ഓർത്തെടുത്തു.

നേരത്തെ സ്കൂളുകളിൽ മലയാളം സംസാരിച്ചാൽ പിഴ ചുമത്തുന്ന രീതിയുണ്ടായിരുന്നെങ്കിൽ ഇന്ന് സ്കൂളുകളിൽ മലയാള പഠനം നിർബന്ധമാക്കിയത് സ്വാഗതാർഹമാണ്. ലോകത്തിന്റെ ഏത് ഭാഗത്തേക്ക് പോയാലും മലയാളം നമ്മോടൊപ്പം സഞ്ചരിക്കണം. ഒന്നിലധികം ഭാഷകൾ പഠിക്കുന്ന കുട്ടികൾ പഠനത്തിലും തൊഴിലിലും കൂടുതൽ മികവ് പുലർത്തുന്നുവെന്ന പഠനങ്ങൾ തെളിയിക്കുന്നത് മാതൃഭാഷ അറിവിന് ഒരിക്കലും തടസ്സമാകില്ലെന്നാണ്.

ഡൽഹിയിലും മറ്റുമുള്ള തമിഴ് സമൂഹം വീട്ടിൽ തമിഴ് മാത്രം സംസാരിച്ച് തലമുറകളിലേക്ക് ഭാഷ കൈമാറുമ്പോൾ, മലയാളികൾ വേഗത്തിൽ സ്വന്തം ഭാഷ മറക്കാൻ ശ്രമിക്കുന്നത് ഖേദകരമാണ്. സർക്കാരിന്റെ 'മലയാളം മിഷൻ' പോലുള്ള പദ്ധതികൾ മികച്ച സംഭാവനകൾ നൽകുന്നുണ്ടെങ്കിലും വിദേശരാജ്യങ്ങളിലെ പുതുതലമുറയ്ക്ക് മാതൃഭാഷ പഠിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഭാവിയിൽ ഇത്തരം സാഹിത്യസമ്മേളനങ്ങളിലേക്ക് ഭാഷയെക്കുറിച്ചുള്ള ചർച്ചകൾ കേൾക്കാൻ കൂടുതൽ പ്രവാസികൾ എത്തുമാറാകട്ടെ എന്ന് ആശംസിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്.





# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

Pulimoottil SILKS

102 YEARS 1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"

- LATE ഷെ. ഔസേഫ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേഫ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)



# ഡിജിറ്റൽ യുഗത്തിലെ മാധ്യമ വിപ്ലവം സോഷ്യൽ മീഡിയയുടെ സ്വാധീനം പ്രവാസി മലയാളിയുടെ ഭാവി

## ഫൊക്കാന മീഡിയ സെമിനാറിൽ ശ്രദ്ധേയ ചർച്ച




മീട്ടു റഹ്മത്ത് കലാം

പെൻസിൽവേനിയ (കലഹാരി റിസോർട്ട്): മാധ്യമലോകത്ത് അതിവേഗം സംഭവിക്കുന്ന സാങ്കേതിക മാറ്റങ്ങളും, സോഷ്യൽ മീഡിയയുടെ വളർച്ചയും, വാർത്തകളുടെ വിശ്വാസ്യതയും, പ്രവാസി മലയാളികളുടെ മാധ്യമ ഉത്തരവാദിത്തവും ചർച്ച ചെയ്ത് ഫൊക്കാന അന്താരാഷ്ട്ര കൺവെൻഷനോടനുബന്ധിച്ച് സംഘടിപ്പിച്ച മീഡിയ സെമിനാർ ശ്രദ്ധേയമായി. പ്രിന്റ് മാധ്യമങ്ങളിൽ നിന്ന് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്കും സോഷ്യൽ മീഡിയയിലേക്കുമുള്ള മാറ്റം വാർത്തകളുടെ അവതരണത്തെയും ഉപഭോഗത്തെയും മാത്രമല്ല, സമൂഹത്തിന്റെ ചിന്താഗതിയെയും ജനകീയ മുന്നേറ്റങ്ങളെയും സ്വാധീനിക്കുന്നുവെന്ന വിലയിരുത്തലാണ് സെമിനാറിൽ ഉയർന്നത്.

ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ എന്നിവർ ചേർന്ന് അമേരിക്കൻ മലയാളി സമൂഹത്തിനും മാധ്യമരംഗത്തിനും നൽകിയ സംഭാവനകളെ മാനിച്ച് പ്രമുഖ മാധ്യമപ്രവർത്തകരെ ആദരിച്ചു. ജോർജ് ജോസഫ്, പി.പി. ജെയിംസ് (24 ന്യൂസ്), ജോൺ മുണ്ടക്കയം (മലയാള മനോരമ മുൻ എഡിറ്റർ), ഡോ. ലിസി ഫെർണാണ്ടസ്, മധു കൊട്ടാരക്കര (24 ന്യൂസ് യു.എസ്.), സുനിൽ ട്രൈസ്റ്റാർ, സുനിൽ പുറക്കാട്ട് (കൈരളി ന്യൂസ്), വിൻസെന്റ് ഇമ്മാനുവൽ, ഷിജോ പൗലോസ് എന്നിവരാണ് ആദരവ് ഏറ്റുവാങ്ങിയത്.

സെമിനാറിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഇ-മലയാളി ചീഫ് എഡിറ്റർ ജോർജ് ജോസഫ് മാധ്യമരംഗം ഇന്ന് അഭൂതപൂർവമായ പരിവർത്തനത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് പറഞ്ഞു. ഒരുകാലത്ത് വാർത്തകൾ അച്ചടിയിലൂടെയോ

ടെലിവിഷനിലൂടെയോ ജനങ്ങളിലെത്താൻ മണിക്കൂറുകളും ദിവസങ്ങളും എടുത്തിരുന്നെങ്കിൽ ഇന്ന് ഒരു മൊബൈൽ ഫോണും ഇന്റർനെറ്റ് കണക്ഷനും മതി ലോകത്തിന്റെ ഏത് കോണിലെയും സംഭവം തത്സമയം സംപ്രേഷണം ചെയ്യാൻ. മാധ്യമപ്രവർത്തകൻ എന്ന നിർവചനവും മാറിക്കൊണ്ടിരിക്കുകയാണെന്നും, ലൈവ് സ്ട്രീമിംഗ് നടത്തുന്നവരാണോ, യൂട്യൂബർമാരാണോ, സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരാണോ, അതോ പരമ്പരാഗത പത്രപ്രവർത്തകരാണോ യഥാർഥ മാധ്യമപ്രവർത്തകർ എന്ന ചോദ്യം ഉയരുന്ന കാലമാണിതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു .

ഗൗരവത്തോടെ തയ്യാറാക്കുന്ന ദൈർഘ്യമേറിയ റിപ്പോർട്ടുകളേക്കാൾ ലളിതമായ വീഡിയോ അവതരണങ്ങൾക്കും എഡിറ്റ് ചെയ്യാത്ത ലൈവ് റിപ്പോർട്ടുകൾക്കുമാണ് ഇന്ന് കൂടുതൽ സ്വീകാര്യത ലഭിക്കുന്നത്. എന്നിരുന്നാലും മാധ്യമത്തിന്റെ രൂപമല്ല, ഉള്ളടക്കമാണ് പ്രധാനം. “Content is King” എന്ന സത്യം ഒരിക്കലും മാറില്ലെന്നും അദ്ദേഹം പറഞ്ഞു.

അമേരിക്കയിൽ വളരുന്ന പുതിയ തലമുറ മലയാള ഭാഷയിൽ നിന്നും സംസ്കാരത്തിൽ നിന്നും അകലുന്ന പ്രവണത ആശങ്കയുണ്ടാക്കുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക പോലുള്ള സംഘടനകൾ പ്രവാസി മാധ്യമപ്രവർത്തകരെ ഒരുമിച്ച് നിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ടെങ്കിലും ഭാഷയും സംസ്കാരവും പുതിയ തലമുറയിലേക്ക് കൈമാറാൻ കൂടുതൽ കൂട്ടായ ശ്രമങ്ങൾ ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.





24 ന്യൂസ് എഡിറ്റർ ഇൻ ചാർജ് പി.പി. ജെയിംസ് ആഗോള സംഭവവികാസങ്ങൾ ഇന്ന് മലയാളിയുടെ നിത്യജീവിതത്തെ നേരിട്ട് ബാധിക്കുന്ന കാലമാണിതെന്ന് പറഞ്ഞു. യുക്രൈൻ യുദ്ധം ആയിരക്കണക്കിന് മലയാളി വിദ്യാർത്ഥികളുടെ ജീവിതത്തെ ബാധിച്ചപ്പോൾ പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും പ്രവാസി ജീവിതത്തെയും സ്വാധീനിച്ചു. ഹോർമൂസ് കടലിടുക്കിലെ പ്രശ്നങ്ങൾ ഇന്ധനവിലയിലൂടെ ഓരോ വീട്ടിലെയും അടുക്കളയെ ബാധിക്കുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് അന്താരാഷ്ട്ര വാർത്തകൾ ഇനി വിദേശ വാർത്തകളല്ല, ഓരോ സാധാരണക്കാരന്റെയും ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളാണെന്ന് അദ്ദേഹം വിലയിരുത്തി.

വിവരസാങ്കേതിക വിദ്യയുടെ വളർച്ച വിവരങ്ങളുടെ ജനാധിപത്യവൽക്കരണത്തിന് വഴിയൊരുക്കിയെന്നും, മുഖ്യധാരാ മാധ്യമങ്ങൾ അവഗണിച്ച പല ജനകീയ വിഷയങ്ങളും സോഷ്യൽ മീഡിയയിലൂടെയാണ് ലോകശ്രദ്ധ നേടുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഫൊക്കാന കൺവെൻഷനിൽ സംഘടിപ്പിച്ച മോഹിനിയാട്ടവും ചെണ്ടമേളവും ഉൾപ്പെടെയുള്ള ഗിന്നസ് റെക്കോർഡ് ശ്രമങ്ങൾ മലയാളി കലകളെ ആഗോളതലത്തിൽ ശ്രദ്ധേയമാക്കാൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മലയാള മനോരമ മുൻ എഡിറ്റർ ജോൺ മുണ്ടക്കയം 45

വർഷത്തിലേറെ നീണ്ട മാധ്യമ ജീവിതത്തിലെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് സാങ്കേതികവിദ്യയാണ് മാധ്യമരംഗത്തെ ഏറ്റവും വലിയ മാറ്റത്തിന് കാരണമായതെന്ന് പറഞ്ഞു. പോസ്റ്റൽ സംവിധാനത്തിലൂടെയും ബസ് സർവീസുകളിലൂടെയും വാർത്തകൾ അയച്ചിരുന്ന കാലത്തുനിന്ന് ഇന്ന് നിമിഷങ്ങൾക്കകം ലോകമെമ്പാടും വാർത്ത എത്തുന്ന ഡിജിറ്റൽ യുഗത്തിലേക്കാണ് മാധ്യമരംഗം എത്തിയത്.


പെരുമൺ ദുരന്തകാലത്ത് ദൂരദർശൻ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്തതോടെ ടെലിവിഷൻ മാധ്യമത്തിന്റെ ശക്തി ജനങ്ങൾ തിരിച്ചറിഞ്ഞെങ്കിലും അതേ സമയം കൂടുതൽ വിശകലന വാർത്തകൾ നൽകി പ്രിന്റ് മാധ്യമങ്ങൾ നിലനിന്നു. എന്നാൽ സ്മാർട്ട്ഫോണുകളുടെ വ്യാപനത്തോടെ അച്ചടി മാധ്യമങ്ങൾക്ക് വലിയ തിരിച്ചടിയാണ് ഉണ്ടായതെന്നും, ഇന്നത്തെ സാഹചര്യത്തിൽ ഒരു ദിവസത്തെ പഴക്കമുള്ള വാർത്തയുടെ പ്രസക്തി കുറഞ്ഞുവരികയാണെന്നും അദ്ദേഹം വ്യക്തമാക്കി.

ടെലിവിഷൻ ചാനലുകളുടെ കാലവും അധികം വൈകാതെ അവസാനിക്കുമെന്നും, ഓരോ പൗരനും സ്വന്തം മാധ്യമമായി മാറുന്ന സോഷ്യൽ മീഡിയയുടെ യുഗമാണ് വരുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എഡിറ്റോറിയൽ നിയന്ത്രണങ്ങളില്ലാത്ത സോഷ്യൽ മീഡിയ പല ജനകീയ പ്രക്ഷോഭങ്ങൾക്കും ശക്തി പകർന്നിട്ടുണ്ടെങ്കിലും, ഈ മാറ്റം മാധ്യമങ്ങൾക്ക് പുതിയ










ഉത്തരവാദിത്തങ്ങളും സൃഷ്ടിക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.











പ്രമുഖ മാധ്യമപ്രവർത്തകയും ചലച്ചിത്ര സംവിധായികയുമായ ഡോ. ലിസി ഫെർണാണ്ടസ്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വളർച്ച സിനിമയെയും മാധ്യമങ്ങളെയും ഒരുപോലെ മാറ്റിമറിച്ചുവെന്ന് പറഞ്ഞു. ലോകമെമ്പാടുമുള്ള പ്രവാസികൾക്കായി ആരംഭിച്ച 'സി ന്യൂസ് ലൈവ്' ഇന്ന് മലയാളത്തിലും ഇംഗ്ലീഷിലുമായി കോടിക്കണക്കിന് ആളുകളിലേക്ക് എത്തുന്ന മാധ്യമശൃംഖലയായി വളർന്നിട്ടുണ്ടെന്ന് അവർ വ്യക്തമാക്കി.

കുട്ടികളുടെയും യുവാക്കളുടെയും ജീവിതത്തിൽ മൊബൈൽ ഫോണും സോഷ്യൽ മീഡിയയും ചെലുത്തുന്ന സ്വാധീനം ഗൗരവത്തോടെ കാണേണ്ടതുണ്ടെന്നും, പുതിയ തലമുറയ്ക്ക് മൂല്യബോധമുള്ള സിനിമകളും ഗാനങ്ങളും മാധ്യമ ഉള്ളടക്കങ്ങളും സൃഷ്ടിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും അവർ പറഞ്ഞു. ലഹരിക്കെതിരായ സന്ദേശവുമായി ഒരുക്കിയ 'ആഘോഷം' എന്ന സിനിമ ഉടൻ ഒ.ടി.ടി. പ്ലാറ്റ്ഫോമിലൂടെ പ്രദർശനത്തിനെത്തുമെന്നും അവർ

അറിയിച്ചു.

24 ന്യൂസ് യു.എസ്. പ്രതിനിധി മധു കൊട്ടാരക്കര മാധ്യമരംഗത്തെ സാങ്കേതിക പരിണാമം സ്വന്തം അനുഭവങ്ങളിലൂടെ വിശദീകരിച്ചു. ഒരുകാലത്ത് ബസ് ഡ്രൈവർമാരുടെ കൈവശം വാർത്തകളും ഫോട്ടോകളും അയച്ചിരുന്ന സാഹചര്യത്തിൽ നിന്ന് ഇന്ന് നിമിഷങ്ങൾക്കകം തത്സമയ വാർത്തകൾ ലോകമെമ്പാടും എത്തിക്കുന്ന സംവിധാനത്തിലേക്കാണ് മാധ്യമരംഗം മാറിയതെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ന് ഭൂരിഭാഗം ആളുകളും മൊബൈൽ ഫോൺ താഴെ വെച്ച് വാർത്ത കേൾക്കുന്ന സാഹചര്യമാണുള്ളത്. അതിനാൽ ദൃശ്യങ്ങൾ കാണാതെ കേൾക്കുന്നവർക്കും മനസ്സിലാകുന്ന രീതിയിലാണ് വാർത്തകൾ തയ്യാറാക്കേണ്ടത്. ഒന്നോ ഒന്നര മിനിറ്റിനുള്ളിൽ പ്രേക്ഷകന്റെ ശ്രദ്ധ പിടിച്ചുപറ്റേണ്ടത് ദൃശ്യ മാധ്യമങ്ങളുടെ വലിയ വെല്ലുവിളിയാണെന്നും, പ്രേക്ഷകർ പലപ്പോഴും അവതാരകരേക്കാൾ കൂടുതൽ വിവരമുള്ളവരായതിനാൽ കൃത്യതയും വിശ്വാസ്യതയും മാധ്യമങ്ങൾക്ക് അനിവാര്യമാണെന്നും അദ്ദേഹം വിശദീകരിച്ചു.

പതിനഞ്ച് വർഷത്തെ മാധ്യമപ്രവർത്തന അനുഭവം പങ്കുവെച്ച ഷിജോ പൗലോസ്, ഇന്ന് ഒരു സ്മാർട്ട്ഫോൺ ഉപയോഗിച്ച് ലോകത്തിന്റെ ഏത് കോണിൽ നിന്നും നിമിഷങ്ങൾക്കകം വാർത്ത കൈമാറാൻ കഴിയുന്ന സാഹചര്യമാണുള്ളതെന്ന് പറഞ്ഞു. എന്നാൽ മാധ്യമങ്ങൾ തമ്മിലുള്ള കടുത്ത മത്സരത്തിനിടെ വാർത്തകളുടെ നിലവാരത്തിൽ വിട്ടുവീഴ്ച ഉണ്ടാകുന്നുണ്ടോ എന്ന ആശങ്കയും അദ്ദേഹം പങ്കുവെച്ചു. അമേരിക്കയിൽ നിന്നുള്ള അനേകം നല്ല വാർത്തകൾ കേരളത്തിൽ വേണ്ടത്ര പ്രാധാന്യം നേടുന്നില്ലെന്നും, പലപ്പോഴും നെഗറ്റീവ് വാർത്തകൾക്കാണ് കൂടുതൽ പ്രചാരം ലഭിക്കുന്നതെന്നും അദ്ദേഹം നിരീക്ഷിച്ചു.


ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി മാധ്യമങ്ങളുടെ സുതാര്യതയും വിശ്വാസ്യതയും കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് പറഞ്ഞു. ഭരണകൂടങ്ങളെഅന്ധമായിപിന്തുണയ്ക്കുന്ന മാധ്യമങ്ങളെ ജനങ്ങൾ തള്ളിക്കളയുന്ന സാഹചര്യമാണുള്ളതെന്നും, ജനകീയ വിഷയങ്ങളിൽ പലപ്പോഴും സോഷ്യൽ മീഡിയയാണ് മുഖ്യധാരാ മാധ്യമങ്ങളെക്കാൾ മുന്നിലെത്തുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അമേരിക്കയിലെ മലയാളി മാധ്യമപ്രവർത്തകർ വലിയ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടിയല്ല, മാധ്യമപ്രവർത്തനത്തോടുള്ള അഭിനിവേശം കൊണ്ടാണ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം അഭിനന്ദിച്ചു. ചടങ്ങിൽ ഫൊക്കാനയുടെ നിർണായക തീരുമാനവും അദ്ദേഹം പ്രഖ്യാപിച്ചു. ജനറൽ ബോഡി യോഗത്തിന്റെ തീരുമാനപ്രകാരം ഗൾഫ്, യൂറോപ്പ്, ആഫ്രിക്ക, ഇന്ത്യ എന്നിവിടങ്ങളിലേക്കും ഫൊക്കാനയുടെ സേവന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്നും, മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ്, ഹെൽത്ത് ക്ലിനിക്ക് തുടങ്ങിയ പദ്ധതികൾ കൂടുതൽ പ്രവാസി സമൂഹങ്ങളിലെത്തിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

പരിപാടിയുടെ സമാപനത്തിൽ മീഡിയ സെമിനാറിന്റെ വിജയത്തിന് പിന്തുണ നൽകിയ സ്പോൺസർമാർക്കും സംഘാടകർക്കും ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിയും ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും നന്ദി രേഖപ്പെടുത്തി.

ലക്ഷ്മി സിൽക്സ് കോട്ടയം, മാജിക് ബട്ടർ, എബെൽസ് ഗാർഡൻസ് റിട്ടയർമെന്റ് ഹോം, റിലയൻസ് ഗ്രാനൈറ്റ്സ്, ഗ്ലോബൽ കൊളീഷൻസ്, സ്പെക്ട്രം ഓട്ടോ എന്നിവയുടെ സഹകരണം പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.





# നാല് മുതിർന്ന മാധ്യമപ്രവർത്തകരെ ഫൊക്കാന പുരസ്കാരങ്ങൾ നൽകി ആദരിച്ചു



പെൻസിൽവേനിയ (കലഹാരി റിസോർട്ട്): അമേരിക്കൻ മലയാളി മാധ്യമരംഗത്തിന് നൽകിയ ദീർഘകാല സംഭാവനകൾക്കും പ്രവാസി സമൂഹത്തിന്റെ ശബ്ദമായി പ്രവർത്തിച്ച സേവനങ്ങൾക്കും ആദരസൂചകമായി നാല് മുതിർന്ന മാധ്യമപ്രവർത്തകരെ ഫൊക്കാന അന്താരാഷ്ട്ര കൺവെൻഷനിൽ പുരസ്കാരങ്ങൾ നൽകി ആദരിച്ചു. പ്രശസ്ത ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണനിൽ നിന്നാണ് മധു കൊട്ടാരക്കര, ജോസ് കാടാപ്പുറം, സുനിൽ ട്രൈസ്റ്റാർ, ജോർജ് ജോസഫ് എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയത്.

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിയും ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ചടങ്ങിൽ സന്നിഹിതരായിരുന്നു. അമേരിക്കൻ മലയാളി സമൂഹത്തിന്റെ വളർച്ചയ്ക്കും പ്രവാസി ജീവിതത്തിന്റെ നാൾവഴികൾ രേഖപ്പെടുത്തുന്നതിനും മാധ്യമപ്രവർത്തകർ നൽകിയ സംഭാവനകൾ വിലമതിക്കാനാകാത്തതാണെന്ന് ഭാരവാഹികൾ പറഞ്ഞു.

മാധ്യമരംഗം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ യുഗത്തിലും വാർത്തകളുടെ വിശ്വാസ്യതയും സാമൂഹിക പ്രതിബദ്ധതയും കാത്തുസൂക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്നവരെ ആദരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുരസ്കാരങ്ങൾ സമ്മാനിച്ചതെന്ന് സംഘാടകർ വ്യക്തമാക്കി.

ഇ-മലയാളിയുടെ ചീഫ് എഡിറ്ററായ ജോർജ് ജോസഫ് മാധ്യമരംഗത്ത് അഞ്ച് പതിറ്റാണ്ടിലേറെ നീളുന്ന അനുഭവസമ്പത്തുള്ള വ്യക്തിയാണ്. പ്രിന്റ് മാധ്യമത്തിൽ നിന്ന് ഡിജിറ്റൽ മാധ്യമത്തിലേക്കുള്ള മാറ്റത്തിന് നേതൃത്വം നൽകിയ അദ്ദേഹം പ്രവാസി മലയാളികളുടെ വാർത്തകൾ ലോകമെമ്പാടുമുള്ള വായനക്കാരിലേക്ക് എത്തിക്കുന്നതിൽ ശ്രദ്ധേയ പങ്കുവഹിച്ചു വരുന്നു.

24 ന്യൂസ് യു.എസ്. പ്രതിനിധിയായ മധു കൊട്ടാരക്കര, അമേരിക്കൻ മലയാളികളുടെ വാർത്തകൾ കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ സജീവ സാന്നിധ്യമാണ്. കാലാനുസൃതമായ സാങ്കേതിക മാറ്റങ്ങൾക്കൊപ്പം മാധ്യമപ്രവർത്തനത്തെ നവീകരിക്കുന്നതിൽ അദ്ദേഹം നൽകിയ സംഭാവന ചടങ്ങിൽ പ്രത്യേകം

അനുസ്മരിച്ചു. പ്രവാസി മലയാളി മാധ്യമരംഗത്ത് ദീർഘകാലമായി സജീവമായി പ്രവർത്തിക്കുന്ന ജോസ് കാടാപ്പുറത്തിന്റെയും സുനിൽ ട്രൈസ്റ്റാറിന്റെയും സേവനങ്ങളും ഫൊക്കാന ആദരിച്ചു.

വാർത്തകളിലൂടെ സമൂഹത്തെ ബന്ധിപ്പിക്കുകയും പ്രവാസി മലയാളികളുടെ പ്രശ്നങ്ങളും നേട്ടങ്ങളും പൊതുസമൂഹത്തിന് മുന്നിലെത്തിക്കുകയും ചെയ്ത അവരുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് ചടങ്ങിൽ അഭിപ്രായപ്പെട്ടു.





അമേരിക്കൻ മലയാളി മാധ്യമപ്രവർത്തനം വലിയ സാമ്പത്തിക നേട്ടങ്ങൾ ലക്ഷ്യമിട്ടുള്ളതല്ല, സമൂഹത്തോടുള്ള പ്രതിബദ്ധതയും മാധ്യമപ്രവർത്തനത്തോടുള്ള അഭിനിവേശവുമാണ് അതിന്റെ അടിത്തറയെന്ന് ചടങ്ങിൽ സംസാരിച്ചവർ ചൂണ്ടിക്കാട്ടി. മാറുന്ന മാധ്യമലോകത്ത് സത്യസന്ധവും വിശ്വാസ്യതയുള്ളതുമായ വാർത്തകൾ ജനങ്ങളിലെത്തിക്കാൻ പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകർ സമൂഹത്തിന്റെ ആദരവ് അർഹിക്കുന്നവരാണെന്ന സന്ദേശത്തോടെയാണ് സമ്മേളനം സമാപിച്ചത്.



# ഫൊക്കാന ഭരണഘടന ഭേദഗതികൾക്ക് ജനറൽ ബോഡിയുടെ അംഗീകാരം

പെൻസിൽവേനിയ (കലഹാരി റിസോർട്ട്): ഫൊക്കാനയുടെ സംഘടനാ ഘടന കൂടുതൽ ജനാധിപത്യപരവും സുതാര്യവും കാലാനുസൃതവുമാക്കുകയെന്ന ലക്ഷ്യത്തോടെ അവതരിപ്പിച്ച ഭരണഘടനാ ഭേദഗതികൾ ജനറൽ ബോഡി യോഗം അംഗീകരിച്ചു. അംഗസംഘടനകളുടെ പ്രാതിനിധ്യം, തെരഞ്ഞെടുപ്പ് യോഗ്യത, ഫൊക്കാന ഗ്ലോബലിന്റെ രൂപീകരണം, ബിൽഡിംഗ് ഫണ്ട്, അംഗത്വ മാനദണ്ഡങ്ങൾ തുടങ്ങി സംഘടനയുടെ പ്രവർത്തനത്തെ ദീർഘകാലം സ്വാധീനിക്കുന്ന നിരവധി നിർണായക മാറ്റങ്ങളാണ് പുതിയ ഭേദഗതികളിലൂടെ കൊണ്ടുവന്നത്.

ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അവതരിപ്പിച്ച ഭേദഗതി നിർദേശങ്ങളാണ് ജനറൽ ബോഡിയുടെ പരിഗണനയ്ക്കു മുന്നിലെത്തിയത്. സംഘടനയുടെ വളർച്ചയും ഭാവി ആവശ്യങ്ങളും മുൻനിർത്തിയാണ് പരിഷ്കാരങ്ങൾ തയ്യാറാക്കിയതെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

ഏറ്റവും പ്രധാനപ്പെട്ട ഭേദഗതികളിലൊന്ന് അംഗസംഘടനകളുടെ അംഗബലത്തിന് അനുസരിച്ച് ഡെലിഗേറ്റ് പ്രാതിനിധ്യം നിശ്ചയിക്കുന്ന സംവിധാനമാണ്. 99 വരെ അംഗങ്ങളുള്ള സംഘടനകൾക്ക് മൂന്ന് ഡെലിഗേറ്റുമാരും, 100–199 അംഗങ്ങളുള്ളവയ്ക്ക് ആറു ഡെലിഗേറ്റുമാരും, 200–299 അംഗങ്ങളുള്ളവയ്ക്ക് എട്ട്, 300 -399 അംഗങ്ങളുള്ളവയ്ക്ക് പത്ത്, 400–999 അംഗങ്ങളുള്ളവയ്ക്ക് പന്ത്രണ്ട്, ആയിരമോ അതിലധികമോ അംഗങ്ങളുള്ള സംഘടനകൾക്ക് പതിനാല് ഡെലിഗേറ്റുമാരുമെന്ന രീതിയിലാണ് പുതിയ പ്രാതിനിധ്യ സംവിധാനം.

ഫൊക്കാനയ്ക്ക് സ്ഥിരം ആസ്ഥാനം എന്ന ദീർഘകാല ലക്ഷ്യം യാഥാർഥ്യമാക്കാൻ ഫൊക്കാന ബിൽഡിംഗ് ഫണ്ട് രൂപീകരിക്കാനും തീരുമാനിച്ചു. ഓരോ ഭരണസമിതിയുടെയും കാലാവധി അവസാനിക്കുമ്പോൾ 10,000 ഡോളറിലധികം ശേഷിക്കുന്ന തുക പ്രത്യേക ഫിക്സഡ് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് മാറ്റും. ഫൊക്കാനയുടെ സ്വന്തം കെട്ടിടമോ മറ്റ് സ്ഥിരം സ്വത്തുക്കളോ വാങ്ങുന്നതിനും വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി മാത്രമേ ഈ ഫണ്ട് ഉപയോഗിക്കുകയുള്ളൂ.

സംഘടനയിലെ പ്രധാന പദവികൾക്ക് കാലപരിധിയും ഭേദഗതിയിലൂടെ നിശ്ചയിച്ചു. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ, വിമൻസ് ഫോറം ചെയർപേഴ്സൺ എന്നീ പദവികളിൽ ഒരാൾക്ക് പരമാവധി രണ്ട് തവണ മാത്രമേ സേവനമനുഷ്ഠിക്കാൻ കഴിയൂ. അതേ പദവിയിൽ തുടർച്ചയായി രണ്ട് കാലാവധിക്കുശേഷം വീണ്ടും മത്സരിക്കാനാവില്ലെന്നും ഇടവേളയ്ക്കുശേഷം മാത്രമേ വീണ്ടും ആ സ്ഥാനത്തേക്ക് വരാനാകൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

ഡെലിഗേറ്റുമാരുടെ വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി ഓരോ അംഗസംഘടനയുടെയും പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് പേരും വിലാസവും ഇ-മെയിലും ഫോൺ നമ്പറും ഉൾപ്പെടെയുള്ള വിവരങ്ങൾ സാക്ഷ്യപ്പെടുത്തണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി.

ഫൊക്കാനയുടെ ചരിത്രത്തിലെ നിർണായക തീരുമാനമായി 'ഫൊക്കാന ഗ്ലോബൽ' എന്ന പുതിയ സംവിധാനത്തിനും അംഗീകാരം ലഭിച്ചു. ഇന്ത്യ, മിഡിൽ

ഈസ്റ്റ്, യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്ലോബൽ ചെയർമാനും വിവിധ റീജിയണൽ/കൺട്രി കോ-ഓർഡിനേറ്റർമാരും അടങ്ങുന്ന സംവിധാനമായിരിക്കും ഇത്. ഫൊക്കാന ഗ്ലോബലിന് വോട്ടവകാശമുണ്ടാകില്ലെന്നും, ഫൊക്കാന ഇൻകിന്റെ അധികാരത്തിന് കീഴിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്നും ഭേദഗതിയിൽ വ്യക്തമാക്കുന്നു.

പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നതിനുള്ള യോഗ്യതയും കൂടുതൽ കർശനമാക്കി. പ്രസിഡന്റാകാൻ ആഗ്രഹിക്കുന്ന വ്യക്തി ഫൊക്കാന നാഷണൽ കമ്മിറ്റിയിൽ ഒരു പൂർണ കാലാവധി പ്രവർത്തിച്ചിരിക്കണം. കൂടാതെ ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഒരു പൂർണ കാലാവധി പൂർത്തിയാക്കിയിരിക്കുകയോ, അല്ലെങ്കിൽ അംഗ സംഘടനയുടെ പ്രസിഡന്റായോ സെക്രട്ടറിയായോ ഒരു പൂർണ കാലാവധി സേവനമനുഷ്ഠിച്ചിരിക്കുകയോ വേണം.

എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സ്ഥാനാർഥികൾക്കും നാഷണൽ കമ്മിറ്റിയിൽ കുറഞ്ഞത് ഒരു പൂർണ കാലാവധി പ്രവർത്തിച്ചിരിക്കണമെന്ന നിബന്ധനയും നിലവിൽ വന്നു.

ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മുൻകൂർ അജണ്ട അംഗീകാരം നിർബന്ധമാക്കിയിരുന്ന വ്യവസ്ഥയും പുതിയ ഭേദഗതിയിലൂടെ ഒഴിവാക്കി.

ഫൊക്കാന അംഗത്വത്തിന് അർഹത നേടുന്നതിനുള്ള മാനദണ്ഡങ്ങളിലും മാറ്റം വരുത്തി. 501(c) രജിസ്ട്രേഷനുള്ള രാഷ്ട്രീയേതരവും മതേതരവുമായ സാംസ്കാരിക സംഘടനകൾക്ക് നിലവിലെ അംഗത്വ മാനദണ്ഡങ്ങൾ പാലിച്ചാൽ ഫൊക്കാനയിൽ അംഗത്വത്തിന് അപേക്ഷിക്കാം.

സംഘടനാ ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള മറ്റൊരു സുപ്രധാന വ്യവസ്ഥയായി, ഫൊക്കാനയ്ക്ക് സമാന്തരമായോ വിമതമായോ പ്രവർത്തിക്കുന്ന സംഘടനകളിൽ നേതൃത്വം വഹിക്കുന്നവർക്ക് ഫൊക്കാനയിൽ പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന നേതൃസ്ഥാനങ്ങൾ നാലുവർഷത്തേക്ക് വഹിക്കാനാകില്ലെന്ന് തീരുമാനിച്ചു. ഇത്തരം സംഘടനകളിൽ നേതൃത്വം വഹിക്കുന്നവർക്ക് ജനറൽ ബോഡിയിൽ പങ്കെടുക്കാനോ, തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനോ, മത്സരിക്കാനോ കഴിയില്ലെന്നും ഭേദഗതിയിൽ വ്യക്തമാക്കുന്നു.

ഫൊക്കാന തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർഥികളും ബന്ധപ്പെട്ട കൺവെൻഷനിൽ രജിസ്റ്റർ ചെയ്യുകയും വ്യക്തിപരമായി ഹാജരായി സമ്മേളനത്തിൽ പങ്കെടുക്കുകയും വേണമെന്ന നിബന്ധനയും ഉൾപ്പെടുത്തി. രജിസ്ട്രേഷനോ ഹാജരോ ഇല്ലാത്ത സ്ഥാനാർഥികളുടെ നാമനിർദേശങ്ങൾ സ്വമേധയാ അസാധുവാകുമെന്നും പുതിയ വ്യവസ്ഥയിൽ പറയുന്നു.

സംഘടനയുടെ ഭാവി വികസനവും ആഗോള വ്യാപനവും കൂടുതൽ സുതാര്യവും ശക്തവുമായ ഭരണസംവിധാനവും ലക്ഷ്യമിട്ടാണ് ഭരണഘടനാ ഭേദഗതികൾ തയ്യാറാക്കിയതെന്ന് ഫൊക്കാന നേതൃത്വം വ്യക്തമാക്കി. ജനറൽ ബോഡിയുടെ അംഗീകാരത്തോടെ പുതിയ ഭേദഗതികൾ സംഘടനയുടെ പ്രവർത്തനത്തിൽ പുതിയ അധ്യായത്തിന് തുടക്കമിടുമെന്ന പ്രതീക്ഷയും ഭാരവാഹികൾ പങ്കുവച്ചു.



# അതിരുകളില്ലാത്ത മലയാളത്തിന്റെ അതിജീവനശക്തി;

## ഭാഷയും പ്രവാസ സാഹിത്യവും ആഗോളവൽക്കരണവും ചർച്ചയായി ഫൊക്കാന സാഹിത്യസമ്മേളനം

പെൻസിൽവേനിയ (കലഹാരി റിസോർട്ട്): മലയാള ഭാഷയുടെ ഉത്ഭവവും വളർച്ചയും, വിവിധ ഭാഷകളുമായുള്ള അതിന്റെ ഇഴചേരലും, പ്രവാസ ലോകത്ത് മലയാള സാഹിത്യത്തിന്റെ പുതിയ സാധ്യതകളും ആഴത്തിൽ വിശകലനം ചെയ്ത് ഫൊക്കാന അന്താരാഷ്ട്ര കൺവെൻഷനോടനുബന്ധിച്ച് സംഘടിപ്പിച്ച സാഹിത്യസമ്മേളനം ശ്രദ്ധേയമായി. 'അതിരുകളില്ലാത്ത മലയാളം' എന്ന പ്രമേയത്തിൽ നടന്ന സെമിനാറിൽ സാഹിത്യകാരനും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥനുമായ കെ. വി. മോഹൻകുമാർ മുഖ്യപ്രഭാഷണം നടത്തി. സാഹിത്യകാരിയും കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവുമായ ഡോ. പ്രമീളാദേവിയും 24 ന്യൂസ് എഡിറ്റർ പി. പി. ജെയിംസും ആശയങ്ങൾ പങ്കുവച്ചു.

മലയാളം അതിരുകളില്ലാത്ത ഒരു ഭാഷയാണെന്നും, അതിന്റെ ഏറ്റവും വലിയ സവിശേഷത സ്വീകരണശേഷിയാണെന്നും കെ. വി. മോഹൻകുമാർ പറഞ്ഞു. ലോകത്തിലെ പല ഭാഷകളും തങ്ങളുടെ സ്വത്വം കാത്തുസൂക്ഷിക്കാൻ പുതിയ പദങ്ങൾ സൃഷ്ടിക്കുന്ന വഴിയാണ് സ്വീകരിക്കുന്നതെങ്കിൽ, മലയാളം മറ്റ് ഭാഷകളിൽ നിന്നുള്ള വാക്കുകളെ സ്വാഭാവികമായി ഉൾക്കൊണ്ടാണ് വളർന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തമിഴ് ഭാഷ പുതിയ സാങ്കേതിക പദങ്ങൾക്കും സ്വന്തമായി വാക്കുകൾ സൃഷ്ടിക്കുമ്പോൾ, മലയാളം മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടെലിഫോൺ






തുടങ്ങിയ പദങ്ങളെ യാതൊരു മടിയുമില്ലാതെ സ്വന്തം ഭാഷയുടെ ഭാഗമാക്കിയതും അതിന്റെ വിശാലമായ മനസ്സിന്റെ തെളിവാണെന്ന് അദ്ദേഹം പറഞ്ഞു.

മലയാള ഭാഷയുടെ ചരിത്രപരമായ വളർച്ചയെക്കുറിച്ചും അദ്ദേഹം വിശദമായി പ്രതിപാദിച്ചു. ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളുടെ കാലത്ത് പഴന്തമിഴ്, പ്രാകൃതം, ആദിദ്രാവിഡ ഭാഷകൾ ചേർന്നൊരു സംസാരരീതിയാണ് പിന്നീട് മലയാളമായി രൂപപ്പെട്ടതെന്ന് അദ്ദേഹം വിശദീകരിച്ചു. ബുദ്ധ-ജൈന സംസ്കാരങ്ങളുടെ വ്യാപനത്തോടെയാണ് പാളി ഭാഷയിലെ നൂറുകണക്കിന് പദങ്ങൾ മലയാളത്തിലേക്ക് കടന്നുവന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇന്ന് നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പുരികം, കഷണ്ടി, കഞ്ഞി, തൈര്, തളിക, ചരുവം, തവി, പെട്ടി, സഞ്ചി, കട്ടിൽ, പാവാട, കുപ്പായം, ചങ്ങാതി, അങ്ങാടി, കച്ചവടം തുടങ്ങി നൂറുകണക്കിന് വാക്കുകൾ പാളി ഭാഷയിൽ നിന്നുള്ളവയാണെന്ന് അദ്ദേഹം ഉദാഹരണങ്ങൾ നിരത്തി വിശദീകരിച്ചു. ഒരു ഭാഷ മറ്റൊരു സംസ്കാരവുമായി ഇടകലരുമ്പോഴാണ് പുതിയ വാക്കുകളും പുതിയ ജീവിതരീതികളും ജന്മമെടുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ പ്രാചീന വാണിജ്യബന്ധങ്ങളും മലയാളത്തിന്റെ വളർച്ചയെ ശക്തമായി സ്വാധീനിച്ചുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അറബി, പേർഷ്യൻ, ഗ്രീക്ക്, റോമൻ വ്യാപാരികളുമായുള്ള ബന്ധത്തിലൂടെ ഹാജർ, വക്കീൽ, കടലാസ്, ജാമ്യം, താലൂക്ക്, കച്ചേരി, ജില്ല, ശർബത്ത് തുടങ്ങിയ നിരവധി പദങ്ങൾ മലയാളത്തിന്റെ ഭാഗമായി. പിന്നീട് പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും യൂറോപ്യൻ മിഷനറിമാരുടെയും വരവോടെ അലമാര, ജനാല, മേശ, കസേര, ഇസ്തിരി, വരാന്ത, സവാള, ചാവി, കശുമാവ്, കാപ്പി, കക്കൂസ് തുടങ്ങി അനേകം വാക്കുകൾ ഭാഷയിൽ ലയിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

ഭാഷയുടെ വളർച്ച ഒരിക്കലും അവസാനിക്കില്ലെന്നും പുതിയ തലമുറ അതിന് പുതിയ ദിശകൾ നൽകുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 'ചെത്ത്', 'അടിപൊളി', 'തേപ്പ്', 'ചങ്ക്', 'പോസ്റ്റാക്കി', 'കലിപ്പ്', 'അടാർ' തുടങ്ങിയ ജെൻ-സി തലമുറയുടെ പ്രയോഗങ്ങളും മലയാള ഭാഷയുടെ തുടർച്ചയായ പരിണാമത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം പറഞ്ഞു.

പുതിയ വാക്കുകൾ ജനിക്കുന്നത് ഭാഷയുടെ ജീവസാന്നിധ്യത്തിന്റെ തെളിവാണെന്നും, മലയാളം ഒരിക്കലും മരിക്കാത്ത ഭാഷയാണെന്ന ആത്മവിശ്വാസം തനിക്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന് സംസാരിച്ച ഡോ. പ്രമീളാദേവി, മലയാള ഭാഷയുടെ ഏറ്റവും വലിയ സൗന്ദര്യം വാക്കുകൾ പരസ്പരം അലിഞ്ഞുചേർന്ന് സംഗീതാത്മകമായ അനുഭവം സൃഷ്ടിക്കുന്ന കഴിവാണെന്ന് പറഞ്ഞു. കവിതയിലും ഗാനത്തിലും ഗദ്യത്തിലുമെല്ലാം ഈ ഭാഷ അതുല്യമായ ലയവും സൗന്ദര്യവും സൃഷ്ടിക്കുന്നുവെന്ന് അവർ അഭിപ്രായപ്പെട്ടു.

പ്രവാസ സാഹിത്യം ഭാഷയുടെ നവീകരണമാണെന്നും സാഹിത്യത്തിന്റെ പുതിയ ഒഴുക്കാണെന്നും അവർ പറഞ്ഞു. ഗ്രീക്ക് പദമായ 'ഡയസ്പോറ'യിൽ നിന്നാണ് പ്രവാസ സാഹിത്യം എന്ന ആശയം രൂപപ്പെട്ടതെന്നും, നദിപോലെ ഒഴുകിക്കൊണ്ടിരിക്കുന്ന ഭാഷയ്ക്കാണ് ജീവൻ നിലനിൽക്കുന്നതെന്നും

അവർ പറഞ്ഞു. ഒഴുക്ക് നഷ്ടപ്പെടുന്ന നദി കെട്ടിക്കിടക്കുന്നതുപോലെ മാറ്റങ്ങളില്ലാത്ത ഭാഷയും കാലക്രമേണ നിശ്ചലമാകുമെന്നും അവർ ചൂണ്ടിക്കാട്ടി.

വടക്കേ അമേരിക്കയിൽ ജീവിക്കുന്ന മലയാളികൾ സൃഷ്ടിക്കുന്ന സാഹിത്യം കേരളത്തിൽ എഴുതപ്പെടുന്ന സാഹിത്യത്തിന്റെ ആവർത്തനമല്ലെന്നും, മറിച്ച് പുതിയ അനുഭവങ്ങളുടെയും ഓർമ്മകളുടെയും സ്വപ്നങ്ങളുടെയും സാഹിത്യമാണെന്നും അവർ പറഞ്ഞു. ആദ്യ തലമുറ പ്രവാസികൾ അനുഭവിച്ച കേരളമല്ല രണ്ടാം തലമുറയുടെ കേരളം. അവരുടെ മനസ്സിലെ കേരളം ഓർമ്മകളുടെയും ഭാവനയുടെയും സ്വപ്നങ്ങളുടെയും കേരളമാണ്. ആ അനുഭവങ്ങളാണ് പുതിയ പ്രവാസ സാഹിത്യത്തെ സമ്പന്നമാക്കുന്നതെന്നും അവർ വ്യക്തമാക്കി.

മലയാള ഭാഷയുടെ ആഗോള യാത്ര തുടർന്നുകൊണ്ടിരിക്കട്ടെയെന്നും, ലോകത്തിന്റെ ഏത് കോണിലായാലും മലയാളത്തിൽ ചിന്തിക്കുകയും സ്വപ്നം കാണുകയും എഴുതുകയും ചെയ്യുന്നത് ഭാഷയുടെ നിലനിൽപ്പിന് അനിവാര്യമാണെന്നും അവർ ആഹ്വാനം ചെയ്തു.

തുടർന്ന് സംസാരിച്ച പ്രമുഖ മാധ്യമപ്രവർത്തകൻ പി. പി. ജെയിംസ് സാഹിത്യവും പത്രപ്രവർത്തനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് സംസാരിച്ചത്. പത്രഭാഷയും സാഹിത്യഭാഷയും വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിക്കുമ്പോഴും രണ്ടും സമൂഹത്തിന് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

1986-ൽ മാധ്യമപ്രവർത്തനം ആരംഭിച്ച കാലത്തെ അനുഭവങ്ങൾ പങ്കുവെച്ച അദ്ദേഹം, തുടക്കത്തിൽ സാഹിത്യഭാഷയിൽ വാർത്തകൾ എഴുതാൻ ശ്രമിച്ചപ്പോൾ,





സാധാരണക്കാർക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയിലാണ് വാർത്ത അവതരിപ്പിക്കേണ്ടതെന്ന് എഡിറ്റർമാർ പഠിപ്പിച്ചതായി ഓർമ്മിച്ചു. സാഹിത്യത്തിന് ഭാവനയും വികാരവുമാണ് ശക്തിയെങ്കിൽ, പത്രപ്രവർത്തനത്തിന് യാഥാർഥ്യവും കൃത്യതയുമാണ് അടിസ്ഥാനമെന്ന് അദ്ദേഹം പറഞ്ഞു.

സുകുമാർ അഴീക്കോടിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, 'യാഥാർഥ്യങ്ങളിൽ ഏറ്റവും സുന്ദരമായ യാഥാർഥ്യം സ്വപ്നമാണ്' എന്ന ആശയം അദ്ദേഹം വിശദീകരിച്ചു. ഒരുകാലത്ത് സ്വതന്ത്ര ഇന്ത്യ ഒരു സ്വപ്നമായിരുന്നുവെന്നും, പിന്നീട് അത് യാഥാർഥ്യമായതുപോലെ സാഹിത്യത്തിലെ സ്വപ്നങ്ങളും ഭാവനകളും സമൂഹത്തെ മാറ്റിമറിക്കുന്ന ശക്തിയാണെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, ഉക്രൈനിലെ യുദ്ധം പോലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമപ്രവർത്തകന് സാഹിത്യഭാഷയ്ക്ക് ഇടമില്ലെന്നും, യാഥാർഥ്യം അതേപടി ജനങ്ങളിലെത്തിക്കുകയാണ് മാധ്യമത്തിന്റെ ഉത്തരവാദിത്തമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മലയാള ഭാഷയുടെ ചരിത്രവും പരിണാമവും, പ്രവാസ സാഹിത്യത്തിന്റെ പുതിയ ദിശകളും, സാഹിത്യവും മാധ്യമപ്രവർത്തനവും തമ്മിലുള്ള ബന്ധവും സമഗ്രമായി വിശകലനം ചെയ്ത ഈ സെമിനാർ ഫൊക്കാന സാഹിത്യസമ്മേളനത്തിലെ ഏറ്റവും ശ്രദ്ധേയമായ അക്കാദമിക ചർച്ചകളിലൊന്നായി മാറി. ചടങ്ങിൽ പങ്കെടുത്ത സാഹിത്യകാരന്മാരും എഴുത്തുകാരും പ്രവാസി മലയാളികളും പ്രഭാഷണങ്ങളെ ആവേശപൂർവം സ്വീകരിച്ചു.

# പ്രവാസി മലയാള സാഹിത്യത്തിന് ഫൊക്കാനയുടെ ആദരം; അവാർഡുകൾ വിതരണം ചെയ്തു



പെൻസിൽവേനിയ (കലഹാരി റിസോർട്ട്): പ്രവാസ മലയാള സാഹിത്യത്തിന് കൂടുതൽ കരുത്തേകുകയും ലോകമെമ്പാടുമുള്ള മലയാളി എഴുത്തുകാരുടെ സർഗാത്മക സംഭാവനകളെ ആദരിക്കുകയും ചെയ്യുന്നതിനായി ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) 2026-ലെ സാഹിത്യ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഫൊക്കാന അന്താരാഷ്ട്ര കൺവെൻഷനോടനുബന്ധിച്ച് നടന്ന സാഹിത്യസമ്മേളനത്തിലാണ് വിവിധ വിഭാഗങ്ങളിലെ പുരസ്കാര ജേതാക്കൾ അവാർഡ് ഏറ്റുവാങ്ങിയത്. പ്രശസ്ത ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ, നോവലിസ്റ്റ് ടി. ഡി. രാമകൃഷ്ണൻ, മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥനും സാഹിത്യകാരനുമായ കെ. വി. മോഹൻകുമാർ, ജോൺ മുണ്ടക്കയം, ഡോ. പ്രമീളാദേവി, പി. പി. ജെയിംസ് തുടങ്ങിയവരുടെ മഹനീയ സാന്നിധ്യത്തിലായിരുന്നു അവാർഡ് വിതരണം.

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ, സാഹിത്യസമ്മേളന ചെയർമാൻ കോരസൺ വർഗീസ്, കോ-ചെയർമാൻ കെ. കെ. ജോൺസൺ, സന്തോഷ് പാലാ എന്നിവർ ചേർന്ന് ജേതാക്കളെ അഭിനന്ദിച്ചു.

ഇത്തവണ ഓരോ വിഭാഗത്തിലും അമേരിക്കൻ മലയാളി എഴുത്തുകാരുടെ മികച്ച രചനകളാണ് മത്സരത്തിനായി ലഭിച്ചതെന്ന്



സംഘാടകർ അറിയിച്ചു. മികച്ച കൃതികൾ ഏറെയായതിനാൽ അന്തിമ തിരഞ്ഞെടുപ്പ് ഏറെ ദുഷ്കരമായിരുന്നുവെന്നും വിധികർത്താക്കൾ അഭിപ്രായപ്പെട്ടു. അവാർഡ് ഒരു അംഗീകാരം മാത്രമല്ല, എഴുത്തുകാരന്റെ സാമൂഹിക ഉത്തരവാദിത്തം കൂടുതൽ വർധിപ്പിക്കുന്നതുമാണെന്ന് അവർ ചൂണ്ടിക്കാട്ടി. ഇത്തവണ പുരസ്കാരം ലഭിക്കാത്ത കൃതികളും നിലവാരത്തിന്റെ കാര്യത്തിൽ പിന്നിലല്ലെന്നും, അമേരിക്കൻ മലയാളി സാഹിത്യം ഗുണനിലവാരത്തിൽ പുതിയ ഉയരങ്ങളിലേക്ക് വളർന്നുവെന്നും അവർ വിലയിരുത്തി.







നോവൽ വിഭാഗത്തിൽ സാംസി കൊടുമൺ രചിച്ച 'ക്രൈം ഇൻ 1619' പുരസ്കാരത്തിന് അർഹമായി. ന്യൂയോർക്കിൽ നാലു പതിറ്റാണ്ടായി താമസിക്കുന്ന സാംസി സമകാലിക പ്രവാസ സാഹിത്യത്തിലെ ശ്രദ്ധേയ ശബ്ദമാണ്. ചരിത്രത്തോടുള്ള ആഴത്തിലുള്ള താൽപര്യത്തിൽ നിന്ന് രൂപംകൊണ്ട ഈ 480 പേജുള്ള നോവൽ അടിമജീവിതത്തിന്റെ ചരിത്രപരമായ അന്വേഷണമാണ് അവതരിപ്പിക്കുന്നത്. ദീർഘകാല ഗവേഷണങ്ങളുടെ ഫലമായ ഈ കൃതി കൈരളി ബുക്സ് പ്രസിദ്ധീകരിച്ചതാണ്. എട്ട് മലയാള പുസ്തകങ്ങളും ഒരു ഇംഗ്ലീഷ് വിവർത്തനവും പ്രസിദ്ധീകരിച്ചിട്ടുള്ള സാംസി, അമേരിക്കയിലെ സാഹിത്യപ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ്. കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ വായനശാല രൂപീകരണത്തിലും 'വിചാരവേദി' സാഹിത്യ കൂട്ടായ്മയിലും അദ്ദേഹം നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

കവിതാ വിഭാഗത്തിൽ ജോസഫ് നമ്പിമഠത്തിന്റെ 'നടക്കാനിറങ്ങിയ കവിത'യാണ് പുരസ്കാരം നേടിയത്. അഞ്ച് പതിറ്റാണ്ടിലേറെയായി കവിതയുടെയും സാഹിത്യത്തിന്റെയും വഴിയിലൂടെ സഞ്ചരിക്കുന്ന അദ്ദേഹം 1970-കളിൽ ദീപികയിലൂടെയും കേരള ഭൂഷണത്തിലൂടെയും എഴുത്താരംഭിച്ചു. ഡാളസ് കേരള ലിറ്റററി സൊസൈറ്റിയുടെയും ലാനയുടെയും സ്ഥാപക നേതൃത്വത്തിൽ പ്രവർത്തിച്ച അദ്ദേഹം നിരവധി സാഹിത്യ പുരസ്കാരങ്ങൾ നേടിയിട്ടുള്ള എഴുത്തുകാരനാണ്. 2025-ൽ ഈ കൃതിക്ക് തത്ത്വമസി സാഹിത്യ പുരസ്കാരവും ലഭിച്ചിരുന്നു.

ലേഖനം/ഓർമ്മക്കുറിപ്പ് വിഭാഗത്തിൽ റഹിമാബി മൊയ്തീന്റെ 'വെയിൽചായും നേരം' തിരഞ്ഞെടുക്കപ്പെട്ടു. പാലക്കാട് സ്വദേശിനിയും മെരിലാൻഡിലെ സാലിസ്ബറിയിൽ താമസിക്കുന്ന നഴ്സിങ് അധ്യാപികയുമായ റഹിമാബി, നഷ്ടപ്പെട്ട ദേശത്തെയും മനുഷ്യരെയും ഓർമ്മകളിലൂടെ ഹൃദയത്തിലേക്ക് എത്തിക്കുന്ന രചനാശൈലിയിലൂടെ ശ്രദ്ധേയയാണ്. കഥകളും



കവിതകളും ഓർമ്മക്കുറിപ്പുകളും എഴുതുന്ന അവരുടെ ആദ്യ പുസ്തകമായ ‘വെയിൽചായും നേരം’ ഇതിനകം തന്നെ നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

ഫൊക്കാന ഫൗണ്ടേഷൻ അവാർഡുകളിൽ അനിരുദ്ധൻ അവാർഡ് ഡോ. മാമ്മൻ സി. ജേക്കബിന്റെ ‘ജനകീയനായ ജനനായകൻ’ എന്ന കൃതിക്കാണ് ലഭിച്ചത്. കോൺഗ്രസ് പ്രവർത്തകനും ഫൊക്കാനയുടെ മുൻ ജനറൽ സെക്രട്ടറിയും ട്രസ്റ്റി ബോർഡ് ചെയർമാനുമായ ഡോ. ജേക്കബ്, ഉമ്മൻചാണ്ടിയുമായുള്ള ദീർഘകാല ബന്ധത്തിൽ നിന്നുള്ള അനുഭവങ്ങളാണ് പുസ്തകത്തിൽ പങ്കുവയ്ക്കുന്നത്.

ജോർജ് മണ്ണിക്കരോട്ട് അവാർഡ് അബ്ദുൽ പുന്നയൂർക്കുളത്തിന്റെ ‘പറക്കും പക്ഷിയെ പ്രണയിക്കുന്നവർ’ എന്ന നോവലിനാണ്. അമേരിക്കൻ മലയാളി പ്രവാസ ജീവിതത്തിന്റെ സന്തോഷങ്ങളും സംഘർഷങ്ങളും വൈകാരിക തീവ്രതയോടെ അവതരിപ്പിക്കുന്ന ഈ നോവൽ ഇതിനകം വായനക്കാരുടെ പ്രശംസ നേടിയിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലുമായി ആറു പുസ്തകങ്ങൾ രചിച്ച അബ്ദുൽ പുന്നയൂർക്കുളം സാമൂഹിക പ്രവർത്തകനായും ശ്രദ്ധേയനാണ്.

മറിയാമ്മ പിള്ള അവാർഡ് ബിന്ദു കാനയുടെ ‘ആത്മായനം’ എന്ന കൃതിക്കാണ് ലഭിച്ചത്. ഹ്യൂസ്റ്റണിൽ താമസിക്കുന്ന നഴ്സും കാനചാരിറ്റബിൾ ഓർഗനൈസേഷന്റെ സ്ഥാപകയുമായ ബിന്ദു ഫെർണാണ്ടസ്, അമേരിക്കൻ ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും എഴുത്തിനോട് ചേർന്നു നിൽക്കുന്ന എഴുത്തുകാരിയാണ്. ആത്മവിചിന്തനത്തിനും സാമൂഹിക ഉത്തരവാദിത്തത്തിനും ആഹ്വാനം ചെയ്യുന്ന കുറിപ്പുകളാണ് ഈ പുസ്തകത്തിലുള്ളത്.

സ്പെഷ്യൽ ജൂറി അവാർഡുകൾ ഡോ. മാത്യു ജോയിസിന്റെ ‘ഊന്നുവടി’, ജയൻ വർഗീസിന്റെ ‘പാടുന്നു പാഴ്മുളം തണ്ടുപോലെ’, ഫിലിപ്പ് തോമസിന്റെ ‘രാമഴവില്ല്’, സീന ജോസഫിന്റെ ‘പതിനെട്ടാം സ്ഥലം’, ഡോ. സലീമ ഹമീദിന്റെ ‘പുരാതന വൈദ്യശാസ്ത്ര ചരിത്രം’ എന്നീ കൃതികൾക്ക് ലഭിച്ചു.

ഫൊക്കാന ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡുകൾ ഡോ. എ. കെ. ബി. പിള്ളക്കു വേണ്ടി കെ.കെ. ജോൺസണും ജോർജ്ജ് മണ്ണിക്കരോട്ടിനു വേണ്ടി ജോസഫ് നമ്പിമഠവും ഏറ്റു വാങ്ങി.

മലയാള ഭാഷയുടെ ആഗോള സാന്നിധ്യം ശക്തിപ്പെടുത്തുകയും പ്രവാസ തലമുറകളിൽ വായനയും സാഹിത്യസൃഷ്ടിയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ചരിത്രപരമായ സംരംഭമായാണ് ഫൊക്കാന സാഹിത്യ സമ്മേളനത്തെ ഭാരവാഹികൾ വിശേഷിപ്പിച്ചത്. സാഹിത്യ അവാർഡുകൾ പ്രവാസ മലയാള സാഹിത്യത്തിന്റെ വളർച്ചയ്ക്കും പുതിയ എഴുത്തുകാരുടെ ആത്മവിശ്വാസത്തിനും വലിയ പ്രചോദനമാകുമെന്ന് അവർ അഭിപ്രായപ്പെട്ടു.










# Save $894.*
# Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# പെൻസിൽവാനിയയുടെ മണ്ണിൽ പ്രവാസി പെരുമയുടെ സുവർണ്ണ വസന്തം: ഫൊക്കാന കൽഹാരി കൺവെൻഷൻ ചരിത്ര താളുകളിലേക്ക്!




മീട്ടു റഹ്മത്ത് കലാം

പെൻസിൽവാനിയ: പ്രവാസി മലയാളി കൂട്ടായ്മയുടെ മധുരവസന്തം തീർത്തുകൊണ്ട് ഫൊക്കാനയുടെ 21-ാമത് അന്താരാഷ്ട്ര കൺവെൻഷന് കൽഹാരി റിസോർട്ടിൽ വർണ്ണാഭമായ തുടക്കമായി. സദസ്സിനെ സാക്ഷിയാക്കി സ്വാഗതഭാഷണം നിർവ്വഹിച്ച ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, പ്രവാസി മലയാളികളുടെ ഹൃദയമിടിപ്പായി വളർന്നു പന്തലിച്ച ഫൊക്കാനയുടെ ജയഭേരിയെ ആത്മവിശ്വാസത്തോടെയും അഭിമാനത്തോടെയും പ്രകീർത്തിച്ചു.

മൺതരിയിൽ നിന്ന് മുളപൊട്ടി, അനേകായിരങ്ങൾക്ക് തണൽ വിരിക്കുന്ന മഹാവടവൃക്ഷമായി ഫൊക്കാന ഇന്ന് വളർന്നു പന്തലിച്ചിരിക്കുകയാണ്. ഡോ. എം. അനിരുദ്ധന്റെ ദീർഘവീക്ഷണത്തിൽ നട്ടുനനച്ച ഈ പ്രസ്ഥാനം, പ്രവാസി ഹൃദയങ്ങളിൽ വിതച്ച നന്മയുടെ വിത്തുകളാണ് ഇന്ന് സ്നേഹവളർച്ചയായി കൊയ്തെടുക്കുന്നത്. കഴിഞ്ഞ രണ്ടു വർഷക്കാലം ഫൊക്കാനയുടെ ചരിത്രത്തിലെ സുവർണ്ണ അധ്യായങ്ങളായിരുന്നുവെന്ന് അദ്ദേഹം സ്മരിച്ചു. നാടിനും പ്രവാസ ലോകത്തിനും ഒരുപോലെ വെളിച്ചം വീശിയ ജനോപകാരപ്രദമായ പദ്ധതികൾ ഈ പ്രസ്ഥാനത്തിന്റെ മഹിമ വാനോളമുയർത്തി. സ്നേഹബന്ധങ്ങളുടെയും പരസ്പരവിശ്വാസത്തിന്റെയും ഉറപ്പുള്ള തറത്തറയിലാണ് ഫൊക്കാനയെന്ന വൻമരം നിലകൊള്ളുന്നത്.

പതിമൂന്ന് വർഷങ്ങൾക്ക് മുൻപ് ഈ മഹാപ്രസ്ഥാനത്തിലേക്ക് കടന്നുവന്ന നിമിഷം മുതൽ ഇങ്ങോട്ട്, തനിക്ക് ലഭിച്ച സ്നേഹവാത്സല്യങ്ങൾക്ക് മുന്നിൽ പ്രണാമം അർപ്പിക്കുന്നതായി ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു. സംഘാടകനായും



പിന്നീട് ജനറൽ സെക്രട്ടറിയായും പ്രവാസി മണ്ണിൽ ജനസേവനത്തിന്റെ വിത്തുപാകാൻ കഴിഞ്ഞത് പൊതുജീവിതത്തിലെ ഏറ്റവും ധന്യമായ അനുഭവമാണ്. ഈ മഹാസംഘടന നൽകിയ ഊർജ്ജവും നേതൃപാടവവുമാണ് തന്നിലെ പൊതുപ്രവർത്തകന് പുതിയ വെളിച്ചം പകർന്നു നൽകിയത്.

തീരമണയുന്ന കടൽത്തിരമാലകളെപ്പോലെ കൽഹാരിയിലേക്ക് ഒഴുകിയെത്തിയ ജനസാഗരം ഫൊക്കാനയോടുള്ള പ്രവാസി സമൂഹത്തിന്റെ അചഞ്ചലമായ വിശ്വാസത്തിന്റെ സാക്ഷ്യപത്രമാണ്. പ്രതീക്ഷകൾക്കും അപ്പുറത്തുള്ള രജിസ്ട്രേഷൻ പങ്കാളിത്തമാണ് ഇക്കുറി ഇവിടെ ദൃശ്യമായത്. സദസ്സിലണഞ്ഞ ഓരോ കുടുംബവും, ഈ മഹാസമ്മേളനത്തിന്റെ വിജയത്തിന് പിന്നിൽ അഹോരാത്രം പണിത ഭാരവാഹികളും സ്പോൺസർമാരും സന്നദ്ധപ്രവർത്തകരുമാണ് ഈ മുന്നേറ്റത്തിന്റെ യഥാർത്ഥ വിജയശില്പികൾ.

വിശിഷ്ടാതിഥികളെയും ജനപ്രതിനിധികളെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്ത അദ്ദേഹം, ഭാവിയിൽ അതിശക്തമായ മുന്നേറ്റങ്ങളിലൂടെ ഫൊക്കാന പ്രവാസി ചരിത്രത്തിൽ നവയുഗം കുറിക്കുമെന്ന ദൃഢവിശ്വാസത്തോടെയും ആത്മവിശ്വാസത്തോടെയും തന്റെ സ്വാഗതപ്രസംഗം പൂർത്തിയാക്കി.









# കൽഹാരിയിൽ പെയ്തിറങ്ങിയ സേവനത്തിന്റെ അമൃതവർഷം: പുതിയ ഉയരങ്ങളിലേക്ക് ഫൊക്കാന




മീട്ടു റഹമത്ത് കലാം

പെൻസിൽവാനിയ: കൽഹാരിയുടെ നീലവിണ്ണിൽ പ്രതീക്ഷയുടെ പൊൻപതാക പാറിച്ചുകൊണ്ട്, സേവനത്തിന്റെ പുതിയൊരധ്യായത്തിന് സജിമോൻ ആന്റണി തുടക്കം കുറിച്ചു. ഫൊക്കാന അന്തർദേശീയ കൺവെൻഷൻ വേദിയിൽ സദസ്സിനെ ആവേശക്കടലിലാക്കി അദ്ദേഹം നടത്തിയ ഉദ്ഘാടന പ്രസംഗം, സംഘടനയുടെ ഭാവി സ്വപ്നങ്ങളെയും സേവനപ്രതിബദ്ധതയെയും വാനോളമുയർത്തിയ ധന്യമായ പ്രഖ്യാപനമായി മാറി. കേവലമൊരു പ്രവാസി കൂട്ടായ്മ എന്നതിനപ്പുറം, ലോകമലയാളികളുടെ സാമൂഹിക ഉന്നമനത്തിന്റെ നട്ടെല്ലായി ഫൊക്കാന മാറിയെന്ന സന്ദേശമാണ് ആ വാക്കുകളിൽ അലയടിച്ചത്.

1983-ൽ മാതൃഭാഷയുടെയും സംസ്കാരത്തിന്റെയും പൂമണം വടക്കേ അമേരിക്കൻ മണ്ണിൽ പരത്താൻ ചെറിയൊരു നീരോട്ടമായി തുടങ്ങിയ ഫൊക്കാന, ഇന്നിതാ നൂറിലധികം അംഗസംഘടനകളുടെ കൂട്ടായ്മയിൽ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് തണലായി പടർന്നു പന്തലിച്ചിരിക്കുന്നു. ഇനി ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളി ഹൃദയങ്ങളിലേക്ക് ഈ സേവനത്തിന്റെ അമൃതവർഷം എത്തിക്കുകയാണ് സംഘടനയുടെ ലക്ഷ്യം. രോഗാതുരരായആയിരങ്ങൾക്ക്ആശ്വാസത്തിന്റെ തണൽവിരിക്കുന്ന




emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# സ്നേഹത്തിന്റെയും ആത്മീയതയുടെയും മംഗളാരംഭം: കൽഹാരി സമ്മേളനത്തെ ആശീർവദിച്ച് ബിഷപ്പ് ജോയ് ആലപ്പാട്ട്

മീട്ടു റഹ്മത്ത് കലാം

പെൻസിൽവാനിയ: കൽഹാരിയിൽ അണയാത്ത പ്രവാസി കൂട്ടായ്മയുടെ ഉത്സവവേദിക്ക് ദിവ്യത്വത്തിന്റെ പൊൻപ്രഭ പകർന്ന് ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാധ്യക്ഷൻ ബിഷപ്പ് ജോയ് ആലപ്പാട്ട്. ഫൊക്കാന അന്തർദേശീയ കൺവെൻഷന്റെ ഉദ്ഘാടന സമ്മേളനത്തിൽ ആത്മീയതയുടെ സാന്ദ്രമായ അന്തരീക്ഷമൊരുക്കിക്കൊണ്ട് അദ്ദേഹം പ്രത്യേക പ്രാർഥനയ്ക്ക് നേതൃത്വം നൽകി. ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിന്റെ ഐക്യത്തിനും സമഗ്രമായ പുരോഗതിക്കുമായി ഉയർന്ന ആ പ്രാർഥനാമന്ത്രങ്ങൾ സദസ്സിനെ ആത്മവിശുദ്ധിയുടെയും നന്മയുടെയും ധന്യനിമിഷങ്ങളിലേക്ക് നയിച്ചു.

സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ദിവ്യചൈതന്യത്തെ സ്തുതിച്ചുകൊണ്ട് ആരംഭിച്ച പ്രാർഥനയിൽ, കൺവെൻഷന്റെ ഓരോ ചുവടുവെപ്പിലും ദൈവീകാനുഗ്രഹത്തിന്റെ തണലുണ്ടാകട്ടെയെന്ന് ബിഷപ്പ് പ്രാർഥിച്ചു.

ഈ മഹാസമ്മേളനം സാക്ഷാത്കരിക്കുന്നതിനായി അഹോരാത്രം അർപ്പണബോധത്തോടെ പ്രവർത്തിച്ച സംഘാടകരെയും ഭാരവാഹികളെയും സന്നദ്ധപ്രവർത്തകരെയും അദ്ദേഹം പ്രത്യേകമായി അനുഗ്രഹിച്ചു. കൺവെൻഷന്റെ വിവിധ വേദികളിൽ പങ്കുവെക്കപ്പെടുന്ന ആശയങ്ങളും അറിവുകളും സമൂഹത്തിന് പുതിയ വെളിച്ചവും കൃത്യമായ മാർഗ്ഗദർശനവുമാകട്ടെയെന്ന് ആശംസിച്ച അദ്ദേഹം, വിശിഷ്ടാതിഥികൾക്കും പ്രഭാഷകർക്കും ദൈവത്തിന്റെ പ്രത്യേക കൃപാകടാക്ഷം ലഭിക്കട്ടെയെന്നും അപേക്ഷിച്ചു.

നമ്മുടെ ഓരോ പ്രവർത്തനങ്ങളും ദൈവമഹത്വത്തിനും മാനവക്ഷേമത്തിനും ഉപകരിക്കപ്പെടണമെന്ന വിശുദ്ധ സന്ദേശമാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ അലയടിച്ചത്. കൺവെൻഷന്റെ വിജയത്തിനായി കൈകോർത്ത ഏവരെയും സ്നേഹത്തോടെ അനുസ്മരിച്ചുകൊണ്ട്, ദൈവത്തിന്റെ സർവ്വവ്യാപിയായ സംരക്ഷണവും അനുഗ്രഹവും എല്ലാവരുടെയും ജീവിതത്തിൽ എന്നും നിറഞ്ഞുനിൽക്കട്ടെയെന്ന് അദ്ദേഹം ആശീർവദിച്ചു. ആത്മീയ ചൈതന്യവും സേവനമനോഭാവവും ഒന്നുചേർന്ന ആ ദിവ്യമുഹൂർത്തത്തോടെയാണ് കൽഹാരി കൺവെൻഷന്റെ ഔദ്യോഗിക പരിപാടികൾക്ക് മംഗളകരമായ തുടക്കമായത്



# അശ്രാന്ത പരിശ്രമങ്ങളുടെ സാഫല്യമെന്ന് കൽഹാരി കൺവൻഷനെ വിശേഷിപ്പിച്ച് ആൽബർട്ട് ആന്റണി




മീട്ടു റഹ്മത്ത് കലാം

പെൻസിൽവാനിയ: കൽഹാരിയിൽ പ്രവാസി മലയാളികളുടെ സ്നേഹസംഗമം പുഷ്പിതമായപ്പോൾ, വികാരസാന്ദ്രമായ വാക്കുകളാൽ അവിസ്മരണീയമായൊരു തുടക്കമേകി കൺവെൻഷൻ ചെയർമാൻ ആൽബർട്ട് ആന്റണി കണ്ണംപിള്ളി. ഒരു വർഷത്തിലേറെ നീണ്ട സ്വപ്നവും അശ്രാന്ത പരിശ്രമങ്ങളും ഒടുവിൽ സഫലമായി വിരിഞ്ഞ നിമിഷത്തിൽ, സദസ്സിനെ സാക്ഷിയാക്കി അദ്ദേഹം നിർവ്വഹിച്ച സ്വാഗതപ്രഭാഷണം വേദിയിൽ അനന്തമായ ആവേശവും വികാരനിർഭരമായ അന്തരീക്ഷവും സൃഷ്ടിച്ചു. സർവ്വേശ്വരന് നന്ദിയർപ്പിച്ചു കൊണ്ട് ആരംഭിച്ച അദ്ദേഹത്തിന്റെ വാക്കുകൾ, ഈ സുവർണ്ണ നേട്ടത്തിനായി തിരശ്ശീലയ്ക്ക് പിന്നിൽ അഹോരാത്രം അധ്വാനിച്ച അനേകം സന്നദ്ധപ്രവർത്തകർക്കുള്ള ധന്യമായ സമർപ്പണമായിരുന്നു.

എണ്ണമറ്റ ആലോചനകളും പരിശ്രമങ്ങളും താണ്ടിയാണ് ഈ മഹോത്സവം സാക്ഷാത്കരിക്കപ്പെട്ടതെന്ന് അദ്ദേഹം സ്മരിച്ചു. ഇത് കേവലം ഒരു വ്യക്തിയുടെ വിജയഗാഥയല്ല, മറിച്ച് ഒരേ ലക്ഷ്യത്തിനായി ഹൃദയം കോർത്ത ആയിരക്കണക്കിന് പ്രവാസികളുടെ അർപ്പണബോധത്തിന്റെ വിജയമാണ്. രജിസ്ട്രേഷൻ മുതൽ താമസം, ഗതാഗതം, ഭക്ഷണം, ധനകാര്യം, കലാപരിപാടികൾ, മാധ്യമങ്ങൾ തുടങ്ങി സാങ്കേതികവിഭാഗം വരെ എല്ലാ മേഖലകളിലും അസാധാരണമായ ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ച ഓരോ കമ്മിറ്റിയംഗത്തെയും അദ്ദേഹം ഹൃദയപൂർവ്വം പ്രകീർത്തിച്ചു. വേദിയിൽ ശോഭിച്ചവരും അണിയറയിൽ നിശബ്ദ സേവനം അനുഷ്ഠിച്ചവരും ഈ സുവർണ്ണശില്പത്തിന്റെ അമൂല്യരത്നങ്ങളാണ്.

പ്രതിസന്ധികളുടെ നിമിഷങ്ങളിൽ തനിക്ക് ധൈര്യവും കരുത്തും പകർന്ന് കൂടെനിന്ന സുഹൃത്തുക്കളെയും കോർ ടീമംഗങ്ങളെയും നന്ദിയോടെ സ്മരിച്ച അദ്ദേഹം, സംഘാടകരുടെ കുടുംബാംഗങ്ങൾ അനുഭവിച്ച നിശബ്ദ ത്യാഗങ്ങളെയും ആദരവോടെ ഓർത്തു. സ്വന്തം കുടുംബത്തോടൊപ്പം ചെലവഴിക്കേണ്ട മനോഹര നിമിഷങ്ങൾ പ്രസ്ഥാനത്തിനായി നീക്കിവെച്ച അവരുടെ പിന്തുണയാണ് ഈ മുന്നേറ്റത്തിന്റെ ഏറ്റവും വലിയ കാണാക്കരുത്ത്.

അമേരിക്കയുടെയും കാനഡയുടെയും കേരളത്തിന്റെയും വിവിധ കോണുകളിൽ നിന്ന് ഒഴുകിയെത്തിയജനസാഗരത്തെഹൃദയപൂർവ്വം സ്വാഗതം ചെയ്ത ആൽബർട്ട് ആന്റണി കണ്ണംപിള്ളി, തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുകയും മാതൃഭാഷയുടെയും സംസ്കാരത്തിന്റെയും പൈതൃകം വാനോളമുയർത്തുകയും ചെയ്യുന്ന പ്രസ്ഥാനമാണ് ഫൊക്കാനയെന്ന് കൂട്ടിച്ചേർത്തു. വിജയങ്ങളുടെ മുഴുവൻ അവകാശികളും അണിയറപ്രവർത്തകരാണെന്നും, കുറവുകളുണ്ടെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം താൻ വിനയപൂർവ്വം ഏറ്റെടുക്കുന്നുവെന്നും പറഞ്ഞ അദ്ദേഹം, ഐക്യത്തിന്റെയും മലയാളി അഭിമാനത്തിന്റെയും പുതിയൊരു സുവർണ്ണാധ്യായമായി കൽഹാരി കൺവെൻഷൻ ചരിത്രത്തിൽ കുറിക്കപ്പെടട്ടെയെന്ന ആശംസയോടെ തന്റെ സ്വാഗതപ്രസംഗം പൂർത്തിയാക്കി.

# പ്രവാസി സാംസ്കാരിക പൈതൃകത്തിന്റെ അമരക്കാർക്ക് പ്രണാമം: അനുസ്മരണ സമ്മേളനവുമായി ഫൊക്കാന

മീട്ടു റഹമത്ത് കലാം

പെൻസിൽവാനിയ: കൽഹാരി റിസോർട്ടിലെ ഫൊക്കാന അന്തർ ദേശീയ കൺവെൻഷൻ വേദിയിൽ ഫൊക്കാനയുടെ ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച മഹത് വ്യക്തിത്വങ്ങൾക്ക് പ്രണാമം അർപ്പിച്ചു കൊണ്ട് ശ്രദ്ധേയമായ അനുസ്മരണ സമ്മേളനം സംഘട്ടിപ്പിച്ചു. മലയാള ഭാഷയ്ക്കും സംസ്കാരത്തിനും ഫൊക്കാന പ്രസ്ഥാനത്തിനും ജീവിതം സമർപ്പിച്ചവരുടെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ച ധന്യമായ ചടങ്ങിന് ഫൊക്കാന നേതാവ് പ്രവീൺ തോമസ് അധ്യക്ഷത വഹിച്ചു.

ഫൊക്കാനയുടെ സ്ഥാപക നേതാവും ദീർഘവീക്ഷണമുള്ള സംഘാടകനുമായ ഡോ. എം. അനിരുദ്ധൻ, പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണായക പങ്കു വഹിച്ച ടി. എസ്. ചാക്കോ, സാമൂഹിക പ്രതിബദ്ധതയുടെ ശബ്ദമായിരുന്ന മാധ്യമപ്രവർത്തകൻ ഫ്രാൻസിസ് തടത്തിൽ എന്നിവരുടെ ജീവിതസേവനങ്ങളാണ് സമ്മേളനത്തിൽ ആദരപൂർവം അനുസ്മരിക്കപ്പെട്ടത്.

വടക്കേ അമേരിക്കൻ മലയാളി സമൂഹത്തിന് ദിശാബോധം നൽകിയ ഡോ. എം. അനിരുദ്ധൻ ആത്മാർത്ഥ സേവനത്തിന്റെ മാതൃകയാണെന്ന് പ്രവീൺ തോമസ് അനുസ്മരിച്ചു. 'ഭാഷയ്ക്ക് ഒരു ഡോളർ' പോലുള്ള അർത്ഥപൂർണ്ണമായ പദ്ധതികളിലൂടെ മാതൃഭാഷയുടെ സംരക്ഷണത്തിനായി അക്ഷീണം പ്രവർത്തിച്ച നേതാവായിരുന്നു ടി. എസ്. ചാക്കോയെന്നും പ്രവാസി ജീവിതത്തിന്റെ സ്പന്ദനങ്ങൾ ലോകത്തോട് പങ്കുവെച്ച സത്യസന്ധനായ മാധ്യമപ്രവർത്തകനായിരുന്നു ഫ്രാൻസിസ് തടത്തിലെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അവർ വിതച്ച മൂല്യങ്ങളും ദർശനങ്ങളും വരുംതലമുറകൾക്ക് എന്നും വഴികാട്ടിയായി നിലകൊള്ളും.

ഈ മഹത് വ്യക്തിത്വങ്ങളുടെ അമരസ്മരണകൾക്ക് മുന്നിൽ സദസ്സ് എഴുന്നേറ്റുനിന്ന് ആദരവോടെ പ്രണാമമർപ്പിച്ചു.

തുടർന്ന് വേദിയിൽ സംസാരിച്ച ഡോ. എം. അനിരുദ്ധന്റെ മകൻ, 1983 മുതൽ തങ്ങളുടെ കുടുംബത്തിന് ഫൊക്കാനയുമായുള്ള ആത്മബന്ധം അനുസ്മരിക്കുകയും പിതാവിന്റെ ഓർമ്മകളെ ആദരിച്ച പ്രസിഡന്റ് സജിമോൻ ആന്റണിക്കും ദേശീയ നേതൃത്വത്തിനും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ഭാവിയിലും പ്രസ്ഥാനത്തിന്റെ എല്ലാ നന്മകൾക്കും കുടുംബത്തിന്റെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു.

വ്യക്തികൾ കാലത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിലേക്ക് മാറിയാലും, അവർ ഉയർത്തിപ്പിടിച്ച ആശയങ്ങളും മൂല്യങ്ങളും സമൂഹത്തിന്റെ ഹൃദയത്തിൽ അക്ഷയദീപമായി തെളിഞ്ഞു നിൽക്കുമെന്ന സന്ദേശമാണ് കൽഹാരിയിലെ ഈ അനുസ്മരണച്ചടങ്ങ് ഏവർക്കും സമ്മാനിച്ചത്.



CELEBRATING 30 Yrs Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# 'മത്സരം കഴിഞ്ഞാൽ എല്ലാവരും ഫൊക്കാനയുടെ അംഗങ്ങൾ':

## ജനറൽ ബോഡി യോഗത്തിൽ സജിമോൻ ആന്റണിയും ശ്രീകുമാർ ഉണ്ണിത്താനും

ന്യൂയോർക്ക്: മുൻനിരയിലുള്ള മുഴുവൻ അംഗങ്ങളുടെയും പൂർണ്ണവും ഏകകണ്ഠവുമായ പിന്തുണയോടെ ഫൊക്കാന ജനറൽ ബോഡി യോഗം വിജയകരമായി ചേർന്നു. അധ്യക്ഷപ്രസംഗത്തിൽ സംഘടനയുടെ സൗഹാർദ്ദപരമായ സംസ്കാരത്തെയും ഐക്യത്തെയും ഉയർത്തിക്കാട്ടുന്ന നിർണായകമായ പുതിയ സന്ദേശമാണ് പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി പങ്കുവെച്ചത്.

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്ന നിമിഷത്തോടെ എല്ലാ മത്സരങ്ങളും ഭിന്നതകളും അവസാനിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ‘തിരഞ്ഞെടുപ്പ് ഫലം വന്നുകഴിഞ്ഞാൽ പിന്നെ വിജയിയോ പരാജിതനോ ഇല്ല. അവശേഷിക്കുന്നത് നമ്മളൊക്കെയും ഒന്നിച്ചുചേർന്നുള്ള ഫൊക്കാന മാത്രമാണ്. ഈ മികച്ച സാംസ്കാരിക പാരമ്പര്യമാണ് നിലവിലുള്ള ഭരണസമിതി അടുത്ത നേതൃത്വത്തിന് കൈമാറാൻ ആഗ്രഹിക്കുന്നത്,‘ അദ്ദേഹം കൂട്ടിച്ചേർത്തു.

ഭിന്നതകൾ മറന്ന് ഒന്നിച്ചുനിൽക്കുന്നതും പരസ്പര സഹകരണത്തോടെ മുന്നേറുന്നതുമാണ് ഫൊക്കാനയുടെ ഏറ്റവും വലിയ ശക്തിയെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, പുതിയ ഭരണസമിതിക്കും ഇതേ ഐക്യവും പിന്തുണയും നൽകണമെന്ന് അഭ്യർഥിച്ചു. സദസ്സ് നിറഞ്ഞ കൈയടികളോടെയാണ് പ്രസിഡന്റിന്റെ വാക്കുകളെ വരവേറ്റത്.

ലോകത്തിലെ ഏറ്റവും വലുതും അതിപുരാതനവുമായ മലയാളി പ്രവാസി സംഘടനയെന്ന നിലയിൽ ഫൊക്കാനയുടെ പ്രാധാന്യവും പ്രൗഢിയും ഇരട്ടിപ്പിക്കാൻ കഴിഞ്ഞ രണ്ട് വർഷത്തെ ഭരണസമിതിക്ക് സാധിച്ചതായി യോഗത്തിൽ വിലയിരുത്തപ്പെട്ടു.

യോഗത്തിന്റെ സമാപനത്തിൽ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. കഴിഞ്ഞ രണ്ടുവർഷക്കാലം സംഘടനയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ കഴിഞ്ഞത് അംഗങ്ങൾ നൽകിയ അളവറ്റ സ്നേഹവും പിന്തുണയും സഹകരണവും കൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. സംഘടനയുടെ ഉന്നമനം മാത്രം ലക്ഷ്യമി



ട്ടാണ് ഭരണസമിതി ഓരോ തീരുമാനവും കൈക്കൊണ്ടതെന്നും, അതിന്റെ ഫലമായാണ് ഫൊക്കാന ചരിത്രത്തിലെ ഏറ്റവും മികച്ച വളർച്ച കൈവരിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവർത്തനങ്ങൾക്കിടയിൽ മനുഷ്യസഹജമായ വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ അംഗങ്ങൾ സദയം ക്ഷമിക്കണമെന്ന് അഭ്യർഥിച്ച ശ്രീകുമാർ ഉണ്ണിത്താൻ, സംഘടനയെ പുതിയ തലത്തിലേക്ക് ഉയർത്തുന്നതിൽ പ്രസിഡന്റ് സജിമോൻ ആന്റണിയുടെ നേതൃപാടവം നിർണായകമായിരുന്നുവെന്ന് പ്രത്യേകം എടുത്തുപറഞ്ഞു. ഫൊക്കാനയ്ക്ക് അദ്ദേഹത്തെപ്പോലൊരു പ്രസിഡന്റിനെ ലഭിച്ചത് സംഘടനയുടെ വലിയ ഭാഗ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു

















Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# 16-ാമത് KCCNA കൺവെൻഷന് തിരി തെളിഞ്ഞു




എ.എസ് ശ്രീകുമാർ

ഹൂസ്റ്റൺ: യു.എസിലെയും കാനഡയിലെയും മലയാളി സംഘടനകളുടെ ഏറ്റവും വലിയ കൂട്ടായ്മയായ ഫോമയുടെ 2026-2028 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പിൽ മൽസരിച്ച് ഉജ്ജ്വല വിജയം നേടിയ 'ടീം വോയ്സ് ഓഫ് ഫോമാ' പുതിയ കാഴ്ചപ്പാടുകളും വിപ്ലവകരമായ വാഗ്ദാനങ്ങളുമായാണ് അധികാരത്തിലെത്തുന്നത്. 'ഒരു സമൂഹം ഒരു ലക്ഷ്യം, ഒരു ടീം ഒരു ദൗത്യം, ഒരുമിച്ചു നിൽക്കാം, കരുത്തോടെ മുന്നേറാം' എന്ന ശക്തമായ മുദ്രാവാക്യവുമായാണ് ടീം വോയ്സ് ഓഫ് ഫോമാ ജനവിധി തേടിയത്. ഫോമയുടെ ഇരുപതാം വാർഷികത്തോട് അനുബന്ധിച്ച് കേരളത്തിൽ അർഹരായവർക്ക് 20 വീടുകൾ നിർമ്മിച്ച് നൽകുന്ന ഭവന പദ്ധതി ഉൾപ്പെടെ പത്ത് പ്രധാന കർമ്മ പരിപാടികളാണ് പ്രകടനപത്രികയിൽ അവർ വിഭാവനം ചെയ്തത്.

ടീം വോയ്സ് ഓഫ് ഫോമാ ജനങ്ങൾക്ക് മുന്നിൽ സമർപ്പിച്ച പദ്ധതികൾക്കുള്ള അംഗീകാരമാണ് ഈ മിന്നുന്ന വിജയമെന്ന് വിലയിരുത്തപ്പെടുന്നു.

*ശക്തമായ അസോസിയേഷനുകൾ: ശക്തമായ ഫോമാ: എല്ലാ അംഗസംഘടനകളെയും ചേർത്തു നിർത്തി അവർക്ക് വിവിധ മേഖലകളിൽ കൂടുതൽ പങ്കാളിത്തവും നേതൃത്വ പിന്തുണയും റിസോഴ്സുകളും നൽകി ഫോമയെ അടിത്തട്ടിൽ നിന്ന് ശക്തിപ്പെടുത്തുക.

*ആരോഗ്യ ഹെൽപ്പ് ലൈൻ: മലയാളി ഡോക്ടർമാരുടെയും ആരോഗ്യ വിദഗ്ദ്ധരുടെയും വലിയൊരു ശൃംഖല രൂപീകരിച്ച് കമ്മ്യൂണിറ്റിയുടെ ക്ഷേമത്തിനായി സൗജന്യ വൈദ്യസഹായവും ഉപദേശ നിർദേശങ്ങളും



മാനസികാരോഗ്യ പിന്തുണയും ലഭ്യമാക്കുക. നിലവിൽ യുവാക്കൾക്ക് ആകർഷകമായ അവസരങ്ങൾ കാണാൻ കഴിയാത്തതു കൊണ്ട് തന്നെ, അവരിൽ പലരും ഫോമയിലേക്ക് അത്രയധികം ആകർഷിക്കപ്പെടുന്നില്ല എന്നത് ഒരു വെല്ലുവിളിയാണ്. ആ സാഹചര്യം മാറ്റും. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് മെന്റർഷിപ്പ് നൽകാനും അവരെ കൂടെ നിർത്തി കാര്യങ്ങൾ പഠിപ്പിക്കാനും തയ്യാറുള്ള ഡോക്ടർമാരുടെ ഒരു ശൃംഖലയാണ് രൂപീകരിക്കപ്പെടുക. ഇതിലൂടെ, വൈദ്യശാസ്ത്ര രംഗത്തെ കരിയർ സാധ്യതകൾ കണ്ടെത്തുന്നതിന് യുവാക്കളെ പ്രചോദിപ്പിക്കാനും, ഫോമ തങ്ങളുടെ വളർച്ചയ്ക്കുള്ള ഇടമാണെന്ന് അവർക്ക് തോന്നിപ്പിക്കാനും സാധിക്കും.

*കരിയർ & ലീഗൽ സപ്പോർട്ട് നെറ്റ് വർക്ക്: ജോലി അന്വേഷിക്കുന്നവർക്കായി റഫറലുകൾ, മെന്റർഷിപ്പ്, റസ്യൂം ഹെൽപ്പ് എന്നിവയ്ക്കൊക്കാപ്പം ഇമിഗ്രേഷൻ, ബിസിനസ്സ്, കുടുംബപരമായ ആവശ്യങ്ങൾ എന്നിവയ്ക്കുള്ള നിയമസഹായവും ഉറപ്പാക്കുക.





*വെൽക്കം & റീലൊക്കേഷൻ സപ്പോർട്ട്: യു.എസിലേക്കോ കാനഡയിലേക്കോ പുതുതായി കുടിയേറുന്ന കുടുംബങ്ങൾക്ക് താമസം കണ്ടെത്താനും പ്രാദേശിക പിന്തുണ നൽകാനും സഹായിക്കുക. ഇന്ത്യൻ കോൺസുലേറ്റുകളുമായുള്ള പങ്കാളിത്തം ശക്തമാക്കി കോൺസുലാർ സേവനങ്ങൾ കൂടുതൽ സുഗമമാക്കുക.

*സ്റ്റുഡന്റ് സക് സസ് & യൂത്ത് ലീഡർഷിപ്പ്: വിദ്യാർത്ഥികൾക്ക് കോളേജ് മെന്റർഷിപ്പ്, സ് കോളർഷിപ്പുകൾ, ഇന്റേൺഷിപ്പുകൾ എന്നിവ ഉറപ്പാക്കുകയും യുവജന നേതൃത്വ നിരയെ വളർത്തിയെടുക്കുകയും ചെയ്യുക.

*മുതിർന്ന പൗരന്മാർ, സംസ്കാരം: മലയാള ഭാഷ: മുതിർന്നവരുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ, മലയാള ഭാഷാ പഠന ക്ലാസുകൾ, സാംസ് കാരിക പൈതൃക സംരക്ഷണം എന്നിവ ഉറപ്പാക്കുക.

*കലാ കായിക മികവിന്: പ്രാദേശിക തലത്തിലുള്ള കലാ-കായിക മത്സരങ്ങളെ ദേശീയ തലത്തിലുള്ള ഫോമാ ചാമ്പ്യൻഷിപ്പുകളിലേക്ക് ഉയർത്തുക.

*ഫോമാ ഹെൽപ്പിംഗ് ഹാൻഡ്: യു.എസ്, കാനഡ, കൂടാതെ ഇന്ത്യ എന്നിവിടങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുകളോ മറ്റ് പ്രതിസന്ധികളോ നേരിടുന്ന കുടുംബങ്ങൾക്കായി ചാരിറ്റി, ഫണ്ട് ശേഖരണം, അടിയന്തര സഹായങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുക. ഫോമായുടെ ഇരുപതാം വാർഷികത്തിന്റെ ഭാഗമായി കേരളത്തിൽ അർഹരായവർക്ക് 20 വീടുകൾ നിർമ്മിച്ച് നൽകുക.

*വുമൺ റൈസിംഗ് ഇനിഷ്യേറ്റീവ്: നേതൃത്വ അവസരങ്ങൾ, സംരംഭകത്വ പ്രോഗ്രാമുകൾ, എല്ലാ റീജിയനുകളിലെയും അസോസിയേഷനുകളിലുള്ള സജീവ പങ്കാളിത്തം എന്നിവയിലൂടെ സ്ത്രീകളെ ശാക്തീകരിക്കുക.

*ബിസിനസ്സ് & പ്രൊഫഷണൽ നെറ്റ് വർക്ക്: ബിസിനസ്സ് പ്രൊഫഷണലുകളെയും ഐ.ടി വിദഗ്ദ്ധരെയും സംരംഭകരെയും ഒരുമിച്ച് നിർത്തി കമ്മ്യൂണിറ്റിയുടെ വളർച്ചയ്ക്കായി വലിയൊരു മലയാളി ബിസിനസ്സ് ശൃംഖല കെട്ടിപ്പടുക്കുക.

അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ കുടുംബസംഗമമായ ഫോമാ ഇന്റർനാഷണൽ ഫാമിലി കൺവൻഷനെ നിലവിലെ നാല് ദിവസങ്ങളിൽ നിന്ന് അഞ്ചു ദിവസമായി വിപ












ുലീകരിക്കുമെന്ന സുപ്രധാന പ്രഖ്യാപനവും ടീം വോയ്സ് നടത്തി. അഞ്ചു ദിവസത്തെ കൺവെൻഷനിൽ ഒരു ദിവസം മുഴുവനായും കുട്ടികൾക്കും യുവജനങ്ങൾക്കും മാത്രം സമർപ്പിക്കുമെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. ഫോമായുടെ അടുത്ത തലമുറയെ സംഘടനയുടെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ സജീവമായി ആകർഷിക്കുകയും, ഭാവി നേതൃനിരയെ വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ടീം വോയ്സ് ഓഫ് ഫോമായുടെ പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ വ്യക്തമാക്കിയിരുന്നു.















K.C.C.S.C
Los Angeles


HOUSTON
KNANAYA
CATHOLIC SOCIETY


KNANAYA CATHOLIC
ASSOCIATION OF EDMONTON
(KCAE)


KNANAYA CATHOLIC SOCIETY
OF
DETROIT-WINDSOR


KNANAYA CATHOLIC ASSOCIATION
DALLAS - FORT WORTH
KCA DFW


MIAMI-KCASF
KNANAYA CATHOLIC ASSOCIATION OF SOUTH FLORIDA


KCCNA
CONVENTION





KCCNA
CONVENTION

# സംഘടനകളല്ല, ഹൃദയങ്ങളാണ് സമൂഹത്തെ സൃഷ്ടിക്കുന്നത്;

## നാമം എക്സലൻസ് അവാർഡ് വേദിയിൽ

## ഹൃദയം തൊട്ട മാധവൻ നായരുടെ സന്ദേശം




‘കെയർ...

കണക്ട്...

എംപവർ‘ ഈ മൂന്ന് വാക്കുകളാണ് നാമത്തിന്റെ ആത്മാവെന്ന് വ്യക്തമാക്കി നാമം സ്ഥാപക നേതാവ് മാധവൻ നായർ നാമം എക്സലൻസ് അവാർഡ് ചടങ്ങിൽ നടത്തിയ പ്രസംഗം സദസ്സിനെ ആഴത്തിൽ സ്പർശിച്ചു. ഒരു സംഘടനയുടെ വിജയകഥ മാത്രമല്ല, പ്രവാസി സമൂഹത്തിന്റെ ഉത്തരവാദിത്വവും മനുഷ്യസ്നേഹത്തിന്റെ മഹത്വവും ഭാവിതലമുറയോടുള്ള കടപ്പാടും നിറഞ്ഞ സന്ദേശമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം.

‘ഒരു സമൂഹത്തെ നിർവചിക്കുന്നത് എന്താണ്? ഭാഷയാണോ? സംസ്കാരമാണോ? ചരിത്രമാണോ? അതിനേക്കാൾ ആഴത്തിലുള്ള ഒന്നാണ് യഥാർത്ഥ സമൂഹത്തിന്റെ അടിത്തറ. പരസ്പരം കരുതലോടെ ജീവിക്കാൻ മനുഷ്യർ തീരുമാനിക്കുന്നിടത്താണ് ഒരു സമൂഹം ജനിക്കുന്നത്. കരുതൽ ബന്ധങ്ങളെ സൃഷ്ടിക്കുന്നു. ബന്ധങ്ങൾ ശക്തി നൽകുന്നു. ആ ശക്തി മറ്റുള്ളവരെ ശാക്തീകരിക്കുന്നു. അതാണ് നാമത്തിന്റെ ഹൃദയമിടിപ്പ് കെയർ, കണക്ട്, എംപവർ,‘ എന്ന വാക്കുകളോടെയായിരുന്നു മാധവൻ നായരുടെ പ്രസംഗം ആരംഭിച്ചത്.

2010-ൽ ഒരു സാധാരണ സംഘടന രൂപീകരിക്കാനല്ല നാമം ആരംഭിച്ചതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഏതാനും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയോ വാർഷികാഘോഷങ്ങൾ നടത്തുകയോ ആയിരുന്നില്ല ലക്ഷ്യം. കടൽ കടന്ന് പുതിയ ജീവിതം തേടി അമേരിക്കയിലെത്തിയ മലയാളികൾക്ക്, സ്വന്തം വേരുകളെ നഷ്ടപ്പെടുത്താതെ മുന്നോട്ട് പോകാൻ കഴിയുന്ന ഒരു കുടുംബം സൃഷ്ടിക്കുകയായിരുന്നു സ്വപ്നം.

‘കേരളം വിട്ട് വന്നപ്പോൾ നമ്മിൽ പലരും രണ്ട് സ്യൂട്ട്കേസുകളുമായാണ് യാത്ര തിരിച്ചത്. ഒന്നിൽ നമ്മുടെ സാധനങ്ങളായിരുന്നു. മറ്റൊന്നിൽ അതിനേക്കാൾ വിലമതിക്കാനാകാത്ത സമ്പത്ത് നമ്മുടെ സംസ്കാരം, ഭാഷ, വിശ്വാസം, ഓർമ്മകൾ, മാതാപിതാക്കളുടെ അനുഗ്രഹം, മക്കൾക്കായുള്ള സ്വപ്നങ്ങൾ. ആദ്യത്തെ സ്യൂട്ട്കേസിന് കാലക്രമേണ ഭാരം കുറഞ്ഞു. എന്നാൽ രണ്ടാമത്തേത് ഇന്നും നമ്മൾ ചുമന്നുകൊണ്ടിരിക്കുകയാണ്. ആ ഭാരമൊരുമിച്ച് വഹിക്കാനാണ് നാമം ജനിച്ചത്,‘ അദ്ദേഹം പറഞ്ഞു.














പ്രവാസികൾ ജീവിതത്തിൽ വലിയ നേട്ടങ്ങൾ കൈവരിച്ചുവെന്നും ഡോക്ടർമാരും എഞ്ചിനീയർമാരും അധ്യാപകരും ശാസ്ത്രജ്ഞരും സംരംഭകരും പൊതുസേവകരുമായി ഉയർന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ വിജയങ്ങൾ മാത്രം ഒരു സമൂഹത്തെ സൃഷ്ടിക്കില്ലെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഒരു കുടുംബം മറ്റൊരു കുടുംബത്തിന് താങ്ങാകുമ്പോൾ, ഒരു കുഞ്ഞ് സ്വന്തം പൈതൃകത്തിൽ അഭിമാനം കണ്ടെത്തുമ്പോൾ, ഒരു മുതിർന്നയാൾ ഒരിക്കലും ഒറ്റപ്പെടുന്നില്ലെന്ന് അനുഭവിക്കുമ്പോൾ, പുതുതായി എത്തുന്ന ഒരാൾക്ക് സഹായഹസ്തം ലഭിക്കുമ്പോൾ, ആരും നിർബന്ധിച്ചല്ല, ആവശ്യക്കാരുണ്ട് എന്ന തിരിച്ചറിവിൽ സന്നദ്ധപ്രവർത്തകർ മുന്നോട്ട് വരുമ്പോൾ അവിടെയാണ് യഥാർത്ഥ സമൂഹം രൂപപ്പെടുന്നത്. അവിടെയാണ് നാമത്തിന്റെ ദൗത്യം.

നാമം ഒരു സംഘടന മാത്രമല്ല. സംഘടനകൾക്ക് ഓഫീസുകളുണ്ട്, കമ്മിറ്റികളുണ്ട്, ചട്ടങ്ങളുണ്ട്. എന്നാൽ നാമത്തിനുള്ള ഏറ്റവും വലിയ സമ്പത്ത് മനുഷ്യരാണ്. സ്വീകരിക്കുന്നതിനേക്കാൾ നൽകുന്നതാണ് മഹത്തരമെന്ന് വിശ്വസിക്കുന്ന നൂറുകണക്കിന് മനുഷ്യർ. അംഗീകാരത്തേക്കാൾ സേവനമാണ് വലുതെന്ന് വിശ്വസിക്കുന്നവർ. സാധാരണ മനുഷ്യർ ഒരുമിച്ചാൽ അസാധാരണ നേട്ടങ്ങൾ സൃഷ്ടിക്കാമെന്ന് തെളിയിച്ചവരാണ് നാമം.

ഓണവും വിഷുവും ക്രിസ്മസും ഉൾപ്പെടെയുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് നാമത്തിന്റെ പ്രവർത്തനങ്ങളിൽ ഒരു











ഭാഗം മാത്രമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ശക്തമായ ഒരു സമൂഹം വിദ്യാഭ്യാസത്തെയും സേവനത്തെയും പ്രചോദനത്തെയും അടുത്ത തലമുറയുടെ വളർച്ചയെയും ഒരുപോലെ പ്രാധാന്യത്തോടെ കാണണം. അതുകൊണ്ടാണ് നാമം യുവജനങ്ങളിൽ നിക്ഷേപിക്കുന്നത്, വിദ്യാഭ്യാസത്തെ പിന്തുണയ്ക്കുന്നത്, കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നത്, ആരോഗ്യബോധവൽക്കരണം നടത്തുന്നത്, രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്, കർഷകരെ ആദരിക്കുന്നത്, കുടുംബങ്ങളെ സഹായിക്കുന്നത്, പഠിക്കാനും വളരാനും സേവിക്കാനും അവസരങ്ങൾ സൃഷ്ടിക്കുന്നത്. ഓരോ പരിപാടിയുടെയും പിന്നിലെ ഒരേയൊരു ചോദ്യം ഇതാണ് ഇന്നലെക്കാൾ ഇന്ന് ഒരാളുടെ ജീവിതം എങ്ങനെ അല്പമെങ്കിലും മെച്ചപ്പെടുത്താം?’

നാമം എക്സലൻസ് അവാർഡുകളുടെ ലക്ഷ്യവും അദ്ദേഹം വിശദീകരിച്ചു.

ട്രോഫികൾക്ക് കാലം പൊടിപിടിപ്പിക്കും. എന്നാൽ പാരമ്പര്യവും പൈതൃകവും ഒരിക്കലും മങ്ങില്ല. ഇന്ന് ആദരിക്കപ്പെടുന്നവർ വിവിധ മേഖലകളിൽ നിന്നുള്ളവരാണ്. പക്ഷേ അവരെ ഒന്നിപ്പിക്കുന്നത് ഒരേയൊരു മൂല്യമാണ് ശരാശരിയേക്കാൾ മികവിനെ തെരഞ്ഞെടുത്തവർ, സ്വാർത്ഥതയ്ക്കുപകരം സേവനത്തെ തെരഞ്ഞെടുത്തവർ, സൗകര്യത്തേക്കാൾ ലക്ഷ്യബോധത്തെ തെരഞ്ഞെടുത്തവർ.

ഈ ആദരവിലൂടെ യുവതലമുറയിലേക്ക് ശക്തമായ സന്ദേശമാണ് നാമം നൽകുന്നത്.

വലിയ സ്വപ്നങ്ങൾ കാണുക. സത്യസന്ധമായി അധ്വാനിക്കുക. ഔദാര്യത്തോടെ സേവിക്കുക. നിങ്ങൾ എവിടെ നിന്നാണ് വന്നതെന്ന് ഒരിക്കലും മറക്കരുത്.

പതിനാറ് വർഷത്തെ നാമത്തിന്റെ യാത്രയിൽ അഭിമാനമുണ്ടെങ്കിലും വരും ദശകങ്ങളോടാണ് കൂടുതൽ പ്രതീക്ഷയെന്ന് മാധവൻ നായർ അഭിപ്രായപ്പെട്ടു.

പ്രസംഗത്തിന്റെ സമാപനത്തിൽ അദ്ദേഹം ഓരോരുത്തരോടും ആത്മപരിശോധനയ്ക്ക് ആഹ്വാനം ചെയ്തു.

നമ്മുടെ തലമുറയെ ചരിത്രം എങ്ങനെ ഓർക്കും? നാം വഹിച്ച പദവികളിലൂടെയോ സമ്പാദിച്ച സമ്പത്തിലൂടെയോ? അതോ നമ്മെക്കാൾ ദീർഘായുസ്സുള്ള ഒരു പൈതൃകം നാം സൃഷ്ടിച്ചതിനാലോ? ആരും ഒറ്റപ്പെടാത്ത ഒരു സമൂഹം നാം കെട്ടിപ്പടുത്തതിനാലോ? നമ്മുടെ മക്കൾ അഭിമാനത്തോടെ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു കുടുംബം നാം അവശേഷിപ്പിച്ചതിനാലോ?‘

ജീവിതത്തിന്റെ യഥാർത്ഥ



അളവുകോൽ നമ്മൾ സ്വന്തമാക്കിയ നേട്ടങ്ങളല്ല; മറിച്ച് മറ്റുള്ളവർക്കായി നാം അവശേഷിപ്പിച്ച മൂല്യങ്ങളാണ്. നാമത്തിന്റെ കഥ സംസ്കാരം സംരക്ഷിക്കുന്നതിന്റെ മാത്രം കഥയല്ല; കരുണയെ സംരക്ഷിക്കുന്നതിന്റെ കഥയാണ്. വിജയങ്ങൾ ആഘോഷിക്കുന്നതിന്റെ മാത്രം കഥയല്ല; അവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ കഥയാണ്. ഒരു സംഘടന പണിയുന്നതിന്റെ മാത്രം കഥയല്ല; ഒരു കുടുംബം പണിയുന്നതിന്റെ കഥയാണ്.

നമുക്ക് കരുതൽ തുടരാം... ബന്ധങ്ങൾ ശക്തിപ്പെടുത്താം... മറ്റുള്ളവരെ ശാക്തീകരിക്കാം. അടുത്ത തലമുറ നാമത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ’അവർ മികച്ച പരിപാടികൾ സംഘടിപ്പിച്ചു’ എന്ന് മാത്രമല്ല, ’അവർ ജീവിതങ്ങൾ മാറ്റിമറിച്ചു’ എന്ന് പറയുന്ന തരത്തിൽ നമുക്ക് മുന്നോട്ട് പോകാം, എന്ന ആഹ്വാനത്തോടെയാണ് മാധവൻ നായർ തന്റെ ഹൃദയസ്പർശിയായ പ്രസംഗം അവസാനിപ്പിച്ചത്.














Promoting Skills
Preventing Cancer


AWARDS


AWARDS




AWARDS






ROOTED IN TRADITION


AWARDS


EXCELLENCE
AWARDS







HERITAGE • COMMUNITY • UNITY • SERVICE


EXCELLENCE
AWARDS








AWARDS


emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Just Click
eMalayalee.com/Advertise

### പുസ്തക പരിചയം – 19

# റെയിൽ ചക്രങ്ങൾ

## (കഥാസമാഹാരം)

## ബാബു പാറയ്ക്കൽ

ബാജി ഓടംവേലി, ഡാലസ്




എഴുത്തിൽ ഇപ്പോഴും സജീവമായ അമേരിക്കൻ മലയാളി എഴുത്തുകാരനായ ബാബു പാറയ്ക്കൽ ന്യൂയോർക്കിൽ താമസിക്കുന്നു. കഥയും നോവലും യാത്രാവിവരണവുമായി നാലു പുസ്തകങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചു.

ബാബു പാറയ്ക്കലിന്റെ കഥകളിൽ സ്നേഹശൂന്യമായ കാലത്തേക്കുറിച്ചുള്ള ആധികളാണ് നിറയുന്നത്. മിക്ക കഥാപാത്രങ്ങളും തിരസ്കരിക്കപ്പെട്ടവരോ അർഹമായ എന്തെല്ലാമോ നഷ്ടപ്പെട്ടവരോ ആണ്. തന്റെ ജീവിതയാത്രയിൽ പലയിടത്തു വച്ചും കാണേണ്ടി വന്ന, മനസ്സിനെ നൊമ്പരപ്പെടുത്തിയ ചില ജീവിതാനുഭവങ്ങളിൽ ഭാവനയുടെ നിറച്ചാർത്തുകൂടി ചേർത്താണ് ഈ കഥകൾ രൂപപ്പെടുത്തിയിരിക്കുന്നത്.

വർഷങ്ങൾക്ക് മുൻപേ നാടുവിട്ട് പ്രവാസികൾ ആയവരുടെ മനസ്സിലൊരു നല്ല നാടുണ്ട്, ആ നാട് ഈ കഥകളിൽ വായിച്ചെടുക്കാം. നിർമ്മിത ബുദ്ധിയുടെ നാളുകളിൽ നഷ്ടസ്മൃതികളിൽ നിലനിൽക്കുന്ന ഗ്രാമപ്രദേശങ്ങൾ നാടു വിട്ടു പോയവരുടെ ഗൃഹാതുരത്വം മാത്രമായി അവശേഷിക്കുന്നു. പുറപ്പെട്ടു പോരുകയും എത്തിച്ചേരാതിരിക്കുകയും ചെയ്യുന്ന അവസ്ഥ എക്കാലത്തും ഒരു കുടിയേറ്റക്കാരന്റെ പ്രതിസന്ധിയാണല്ലോ.

തങ്ങളുടെ ആദ്യത്തെ പെൺകുഞ്ഞിന് നാലു മാസം മാത്രം പ്രായമുള്ളപ്പോൾ ഭാര്യ വീണ്ടും ഗർഭം ധരിച്ചത് ഭർത്താവിനെ ആശങ്കപ്പെടുത്തി. ഇത് മറ്റുള്ളവർ അറിഞ്ഞാലുള്ള നാണക്കേടോർത്ത് അത് അലസിപ്പിക്കണം എന്നു ശഠിച്ച ഭർത്താവിനോട് അതു പറ്റില്ല എന്നു പറഞ്ഞ് ഗർഭം പരിപാലിക്കുകയാണ് കഥയിലെ ധീരയായ ഭാര്യ. അങ്ങനെയുണ്ടായ പെൺകുഞ്ഞ് വളർന്ന് വിവാഹദിവസം പിതാവിനോടൊപ്പം 'ഫാദർഡോട്ടർ ഡാൻസ് 'എന്ന ചടങ്ങിന്റെ ഭാഗമായി നൃത്തം ചെയ്യുന്നതിന്റെ പശ്ചാത്തലത്തിലാണ് കഥ വികസിക്കുന്നത്. ഗർഭം അലസിപ്പിക്കാനുള്ള ശ്രമത്തിന്റെ പരാജയവും, ഒരു ജീവനെ നശിപ്പിക്കാനുള്ള തന്റെ ചിന്തയെക്കുറിച്ചുള്ള പശ്ചാത്താപവുമാണ് 'കുറ്റബോധം' എന്ന കഥ.


അലാസ്കായിലെ കൊച്ചിക്കൻ പ്രദേശത്തെ ഒരു നേറ്റീവ് ഇന്ത്യൻ ഗ്രാമത്തിന്റെ കഥയാണ് 'ടോട്ടെം പോളിന്റെ ദുഃഖം' അവിടുത്തെ നേറ്റീവ് ഇന്ത്യക്കാരുടെ സംസ്കാരത്തിന്റെ ചിഹ്നമാണ്

ഇരുപത് അടിയോളം പൊക്കമുള്ള ടോട്ടോം പോൾ എന്നറിയപ്പെടുന്ന ഒറ്റത്തടിയിൽ കൊത്തിയെടുത്ത് പല നിറങ്ങൾ നൽകി ആകർഷകമാക്കിയ ഈ സ്തൂപങ്ങൾ. അതിന്റെ ഏറ്റവും മുകളിൽ മൂന്ന് ഗരുഡനെ കൊത്തി വെച്ചിട്ടുണ്ട്. മൂന്നും മൂന്നു ദിശകളിലേക്കാണ് നോക്കിയിരിക്കുന്നത്. ഗ്രാമത്തിന്റെ മുഴുവൻ ദുഃഖവും പേറി കാത്തിരിക്കുന്ന ഗരുഡൻ കണ്ണുകളുടെ കഥ വായനക്കാരുടെ കണ്ണുകളെയും ഈറനണിയിക്കും.

'വിടവാങ്ങൽ' എന്ന കഥയിലെ കുഞ്ഞപ്പിച്ചേട്ടൻ ഗൾഫ് നാട്ടിൽ പതിനഞ്ചു വർഷം അതികഠിനമായ ജോലി ചെയ്തിട്ട് തിരിച്ചെത്തിയ ആളാണ്. തിരികെ വന്ന ശേഷം ജീവിക്കുവാനായി ഒരു മോർച്ചറിയിലെ പണിക്കാരനായി ജോലിക്കു കയറി. ഒരു എക്സ്ഗൾഫുകാരൻ ഇങ്ങനെയൊരു ജോലി ചെയ്യുന്നത് അപൂർവ്വമാണ്. മോർച്ചറിയിലെ അയാളുടെ ജോലിയുടെ വിശദാംശങ്ങൾ അത് കണ്ടിട്ടില്ലാത്തവർക്ക് ഒരു പുതിയ അറിവാകും. ഈ ലോകത്തിലെ എല്ലാ മനുഷ്യരും തുല്യരാകുന്നത്. മോർച്ചറിയിലെ ആ മേശമേൽ കിടക്കുമ്പോഴാണ്. തന്റെ ജോലിയിൽ നിന്നും വിടവാങ്ങുന്ന ദിവസം ഒരാൾക്കും അതിജീവിക്കാനാവാത്ത അവസ്ഥ കുഞ്ഞപ്പിച്ചേട്ടൻ സധൈര്യം നേരിടുന്നത് പറഞ്ഞാണ് കഥ അവസാനിപ്പിച്ചിരിക്കുന്നത്.



പുസ്തകത്തിന്റെ പേരിലുള്ള 'റെയിൽ ചക്രങ്ങൾ' എന്ന കഥയിലെ പാലക്കാട്ടുകാരി പ്രതിഭാ വാര്യരും അതിജീവനത്തിന്റെ കഥയാണ് പറയുന്നത്. റെയിൽ ചക്രങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന പാളങ്ങളിൽ കൂടി മാത്രമേ സഞ്ചരിക്കാൻ അവകാശമുള്ളൂ. മൂന്നു പതിറ്റാണ്ടു കാലത്തെ ന്യൂയോർക്ക് മെട്രോയിലെ ഔദ്യോഗിക ജീവിതത്തിനു ശേഷം വിരമിച്ച ദിവസം ഓർമ്മകളിലൂടെ സഞ്ചരിക്കുകയാണ് കഥാനായിക. കുഞ്ഞുന്നാളിൽത്തന്നെ വലിയൊരു റെയിൽ ദുരന്തത്തിൽ ദാരുണമായ അന്ത്യം സംഭവിച്ച പിതാവിന്റെ ഓർമ്മകൾ അവളെ പിന്തുടരുന്നു. പ്രതിഭാ വാര്യരുടെ കുടുംബത്തിന്റെ സർവ്വ പ്രതീക്ഷകളും തകർത്തതും പിന്നീട് തന്റെ കുടുംബത്തെ കൈപിടിച്ചുയർത്തിയതും റെയിൽ ചക്രങ്ങളാണ്. പുസ്തതകത്തിന്റെ കവർപേജിൽ കൊടുത്തിരിക്കുന്നത് പ്രതിഭാ വാര്യരുടെ രേഖാചിത്രമാണ്.




'പ്ലാസ്റ്റിക് സ്പൂൺ' എന്ന കഥ അമേരിക്ക എന്ന പറുദിസ തേടിയിറങ്ങിയ ഒരു മലയാളിയുടെ ജീവിതം പറയുകയാണ്. നേഴ്സായിരുന്ന ഭാര്യയുടെ ജീവിതം കോവിഡ് തട്ടിയെടുക്കുന്നതും, അതിനു ശേഷം ബുദ്ധിമുട്ടി മകനെ ഓമനിച്ചു വളർത്തുന്നതും അവൻ അച്ഛനെ ധിക്കരിക്കുന്നതും മറ്റും വായനക്കാർക്കു പോലും സഹിക്കാനാവില്ല. പ്രവാസിയുടെ സ്വത്വത്തെക്കുറിച്ചുള്ള ആധികളാണ് ഈ കഥയുടെ പ്രമേയം. ഈ കഥയുടെ അവസാനത്തിലെ തിരമാലയുടെയും അവ കൊണ്ടുവരുന്ന പ്ലാസ്റ്റിക് സ്പൂണിന്റെയും ചിത്രം അയാളുടെ ജീവിതത്തെ ത്തന്നെ പ്രതിനിധീകരിക്കുന്നു.

'ഒരു കൊറോണാ അനുഭവം' എന്ന കഥയിൽ മാത്രമല്ല, പ്ളാസ്റ്റിക് സ്പൂൺ, അനുജാ മാപ്പ്, തള്ളിക്കളഞ്ഞ കല്ല്, തുടങ്ങിയ കഥകളിലൊക്കെ കൊറോണാ എന്ന മഹാമാരി വില്ലൻ വേഷം കെട്ടിയാടുന്നുണ്ട്. കോവിഡ് എന്ന ഒറ്റ വാക്കിലൂടെ കഥയുടെ കാലം തിട്ടപ്പെടുത്താനാവും.

13-ാം തീയതിയും വെള്ളിയാഴ്ചയും ഒന്നിച്ചു വന്നാൽ എന്തോ അനർത്ഥം സംഭവിക്കും എന്ന അന്ധവിശ്വാസത്തിനെതിരെ 'ഫ്രൈഡേ ദി തേർട്ടീൻത്' എന്ന കഥയിലൂടെ കഥാകാരൻ സമൂഹത്തിനു മുൻപിൽ സത്യത്തിന്റെ കണ്ണാടി പിടിച്ചിരിക്കുകയാണ്.

'മരിച്ചവർ സംസാരിക്കുന്നു' എന്ന കഥ അമേരിക്കയിലെ ശവം കൊണ്ടുപോകുന്ന വാഹനം ഓടിക്കുന്ന മലയാളി ഡ്രൈവർ ഷാജി പറയുന്നു. ഇത് മലയാളിക്ക് പറ്റിയ പണിയല്ലെന്ന് പലരും നേരിട്ട് പറയുകയും നെറ്റി ചുളിക്കുകയും ചെയ്യാറുണ്ട്. ഏതു ജോലിയും അന്തസ്സുള്ളതാണ്, ചെയ്യുന്ന ജോലിയിൽ സംതൃപ്തി കണ്ടെത്തുന്നവനുമാത്രമേ ജീവിതത്തിൽ വിജയിക്കാനാവൂ എന്നതാണ് ഗുണപാഠം. താൻ ഭയപ്പെട്ടത് ശവം കണ്ടല്ല. ജീവനുള്ള മനുഷ്യരാണ് തന്നെ ഭയപ്പെടുത്തിയതെന്നതാണ് ഷാജിയുടെ കഥ.

മിക്കവാറും കഥകൾ ഭൂതകാലത്തിലേക്കുള്ള ഒരു തിരിഞ്ഞു നോട്ടമാണ്. കടന്നു വന്ന വഴികൾ, സങ്കടങ്ങൾ, എത്തിപ്പെട്ട ജീവിതത്തിന് സുരക്ഷിതത്വം കൈവരുന്നു എന്നു തോന്നുന്ന സമയത്തുണ്ടാകുന്ന ആകസ്മികമായ പിരിവുകൾ, സങ്കീർണ്ണമായ അവസ്ഥകളിലേക്കുള്ള പതനം. ഇവയൊക്കെയാണ് ഈ കഥകളുടെ പൊതുസ്വഭാവമെന്ന തന്റെ കണ്ടെത്തൽ അവതാരികയിൽ ഇ. സന്തോഷ്കുമാർ പറഞ്ഞിട്ടുണ്ട്. 'അതിജീവനത്തിന്റെ ഓർമ്മകൾ; ആധികളും' എന്ന പേരിൽ ഇ. സന്തോഷ്കുമാർ ആണ് അവതാരിക എഴുതിയിരിക്കുന്നത്.

ഈ സമാഹരത്തിൽ 18 കഥകളാണുള്ളത്. ഇതിലെ കഥകൾക്ക് ആധാരമായ സംഭവം കഥാകാരന്റെ ആത്മാവിനെ തൊട്ടിട്ടുള്ളതാണ്, അതിനാൽ ഇത് വായനക്കാർക്കും പ്രിയമാകുമെന്നുറപ്പിക്കാം. മംഗളോദയം ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്ന 136 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 200 രൂപയാണ്.


ബാബു പാറയ്ക്കൽ

ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ മേലേമല വലിയവീട്ടിൽ പാറയ്ക്കൽ മത്തായി വറുഗീസിന്റെയും സാറാമ്മ വറുഗീസിന്റെയും മകൻ. നാട്ടിലും ബോംബെയിലും ന്യൂയോർക്കിലുമായി വിദ്യാഭ്യാസം. ന്യൂയോർക്ക് മെട്രോയിൽ ഉദ്യോഗസ്ഥനായിരുന്നു. ന്യൂയോർക്ക് ഫ്ളോറൽ പാർക്കിൽ കുടുംബത്തോടൊപ്പം താമസിക്കുന്നു.

പതിനെട്ടാമത്തെ വയസ്സിൽ മനോരാജ്യം വാരികയിൽ ആദ്യത്തെ രചന പ്രസിദ്ധീകരിച്ചു കൊണ്ട് സാഹിത്യ രംഗത്ത് പ്രവേശിച്ചു. നിരവധി കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ സമകാലീന മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഇമലയാളിയിൽ 'നടപ്പാതയിൽ ഇന്ന്' എന്ന കോളം ചെയ്യുന്നു. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. വിവിധ സാഹിത്യ സാംസ്കാരിക സംഘടനകളിൽ സജീവം.

നിറങ്ങളിൽ ജീവിക്കുന്നവർ (നോവൽ), മനസ്സിൽ സൂക്ഷിച്ച കഥകൾ (കഥ), മഞ്ഞിൽ വിരിഞ്ഞ റഷ്യ (യാത്രാ വിവരണം), റെയിൽ ചക്രങ്ങൾ (കഥ) എന്നിവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചു. വായനക്കാർക്ക് ഇനിയും ധാരാളം രചനകൾ ഈ തൂലികയിൽ നിന്നും പ്രതീക്ഷിക്കാനാവും.

ഭാര്യ :- ലൗലി , മകൻ :- ബോബി, email :- bparackel@aol.com




# MUKKUT
## MONUMENTS INC.





PHONE (C)
972-342-0041

E-mail: mukkutmonuments@gmail.com
www.mukkutmonuments.com







We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.

WE SERVICE ALL OVER USA, CANADA & INDIA

# ഫോമാ അന്തർരാഷ്ട്ര കൺവെൻഷനിൽ പി റ്റി തോമസ് നയിച്ച ടാക്സ് സെമിനാർ വിജ്ഞാന പ്രദമായി




ഫോമാ അന്തർ രാഷ്ട്ര കൺവെൻഷനിൽ ജൂലൈ 31-ാം തീയതി 2.30 മുതൽ 3.30 വരെ പി റ്റി തോമസ് നയിച്ച ടാക്സ് സെമിനാറിൽ വളരെ അധികം വിജ്ഞാന പ്രദമായ വിഷയങ്ങൾ പങ്കിടുകയുണ്ടായി

അന്താരാഷ്ട്ര പണമിടപാടുകൾ സുരക്ഷിതവും നിയമാനുസൃതവുമായ രീതിയിൽ ചെയ്യുന്നത് എങ്ങനെ എന്ന് ലളിതമായി വിശദീകരിച്ചു. ഗിഫ്റ്റ് നിയമങ്ങൾ, ആവശ്യമായ ഡോക്യുമെന്റുകൾ എന്നിവയുടെ വ്യക്തമായ വിശദീകരണം നടത്തി. IRS അല്ലെങ്കിൽ RBI ചോദ്യങ്ങൾ ഉയരാൻ ഇടയാക്കുന്ന പൊതുവായ പിഴവുകൾ ഒഴിവാക്കുന്നത് എങ്ങനെ എന്നു വ്യക്തമാക്കി.

ഇന്ത്യയിലെ സ്വത്ത് വിൽപ്പന, കുടുംബ സഹായം, വിദ്യാഭ്യാസ ചെലവുകൾ, നിക്ഷേപങ്ങൾ എന്നിവയിൽ ബുദ്ധിപരമായ മാർഗങ്ങൾ ഏതെല്ലാം എന്നു സംസാരിച്ചു

അമേരിക്കൻ ടാക്സ് നിയമങ്ങൾ, ബിഗ് ആൻഡ് ബ്യൂട്ടിഫുൾ ടാക്സ് ആക്റ്റിന്റെ രണ്ടു വശങ്ങളും ചൂണ്ടിക്കാട്ടി. അമേരിക്കയിൽ നിക്ഷേപിക്കുന്നതിന്റെ പ്രയോജനം പ്രത്യേകം എടുത്തു പറഞ്ഞു.

വിദേശത്ത് താമസിക്കുന്ന മലയാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്ന വിഷയങ്ങളായ വിദേശത്തേക്ക് പണം അയയ്ക്കൽ, ഇന്ത്യയിലെസ്വത്ത് ഇടപാടുകൾ, ഇന്ത്യയിൽ സ്വത്തു വിറ്റ പണം എങ്ങനെ അമേരിക്കയിലേക്ക് കൊണ്ടുവരാം, സ്വത്ത് വിൽക്കുമ്പോൾ അധികം TDS എങ്ങനെ ഒഴിവാക്കാം LRS നിയമങ്ങൾ, IRS-RBI ചോദ്യങ്ങൾ, കൂടാതെ അമേരിക്കൻ നികുതി നിയമങ്ങൾ. ഈ വിഷയങ്ങളിൽ തെറ്റായ ധാരണകൾ പലർക്കും വലിയ സാമ്പത്തിക നഷ്ടങ്ങളിലേക്കും നിയമപ്രശ്നങ്ങളിലേക്കും നയിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ഈ സെമിനാർ ഒരു പരിധി വരെ സഹായിച്ചു എന്നു വിശ്വസിക്കുന്നു

ചോദ്യോത്തര സമയം പല സംശയങ്ങൾക്കും ഉത്തരം നൽകി. വിജ്ഞാന പ്രദമായ ഈ സെമിനാർ ഫോമാ കൺവെൻഷന്റെ ഭാഗം ആയി.

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call (877) 202-8112
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# റോക്ക്‌ലാൻഡ് കൗണ്ടിയുടെ ആദരം ഏറ്റുവാങ്ങി വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോറെപ്പിസ്കോപ്പ




ജിനു കുര്യൻ പാമ്പാടി

ന്യൂ സിറ്റി, ന്യൂയോർക്ക്: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികനും ന്യൂ സിറ്റി യാക്കോബായ സുറിയാനി ഓർത്തഡോക്സ് ദേവാലയത്തിന്റെ വികാരിയുമായ വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോറെപ്പിസ്കോപ്പയെ ന്യൂയോർക്കിലെ റോക്ക്‌ലാൻഡ് കൗണ്ടി പ്രത്യേക ബഹുമതിയോടെ ആദരിച്ചു. അൻപത് വർഷത്തിലേറെ നീണ്ട അദ്ദേഹത്തിന്റെ ആത്മീയ, സാമൂഹിക, സാംസ്കാരിക സേവനങ്ങളെ മാനിച്ചാണ് ഈ ആദരം നൽകിയത്. റോക്ക്‌ലാൻഡ് കൗണ്ടി സംഘടിപ്പിച്ച ഇന്ത്യൻ പൈതൃക മാസാചരണ ചടങ്ങിലായിരുന്നു പുരസ്കാര സമർപ്പണം.

ചടങ്ങിൽ കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ വന്ദ്യ ചട്ടത്തിൽ അച്ചനെ സദസിന് പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ അൻപത് വർഷത്തിലേറെ നീണ്ട വൈദിക-സാമൂഹിക സേവനങ്ങളും സഭയ്ക്കും സമൂഹത്തിനും നൽകിയ വിലപ്പെട്ട സംഭാവനകളും വിശദമായി അവതരിപ്പിച്ച ശേഷം സ്മാരകോപഹാരം (മെമെന്റോ) സമ്മാനിച്ച് ആദരിച്ചു.

അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ പൈതൃകവും സമൂഹസേവനവും ആഘോഷിക്കുന്നതിനായി സംഘടിപ്പിച്ച ചടങ്ങിലാണ് വന്ദ്യ ചട്ടത്തിൽ അച്ചനെ ആദരിച്ചത്. പതിറ്റാണ്ടുകളായി അദ്ദേഹം കാഴ്ചവച്ച ആത്മീയ നേതൃത്വവും നിസ്വാർത്ഥമായ സമൂഹസേവനവുമാണ്

ഈ വർഷത്തെ അംഗീകാരത്തിന് അടിസ്ഥാനമായത്.

യുവജന മാർഗനിർദേശം, കുടുംബ കൗൺസലിംഗ്, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സമുദായ ഐക്യം, സുറിയാനി സഭയുടെ ആത്മീയ പൈതൃക സംരക്ഷണം എന്നിവയിലൂടെ ആയിരക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തിൽ അദ്ദേഹം ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വൈദിക ശുശ്രൂഷയുടെ സുവർണ്ണ ജൂബിലിയും ഈ വർഷം അമേരിക്കൻ മലങ്കര അതിഭദ്രാസന ആസ്ഥാനത്ത് വിപുലമായി ആഘോഷിക്കപ്പെട്ടിരുന്നു.

അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിൽ വൈറ്റ് പ്ലെയിൻസ്, ആൽബനി, വെസ്റ്റ് നയാക്ക്, സ്റ്റാറ്റൻ ഐലൻഡ്, യോങ്കേഴ്സ് എന്നിവിടങ്ങളിലെ ദേവാലയങ്ങളിൽ ആത്മീയ നേതൃത്വം നൽകിയ അദ്ദേഹം, നിലവിൽ ന്യൂ സിറ്റി യാക്കോബായ സുറിയാനി ഓർത്തഡോക്സ് ദേവാലയത്തിന്റെ വികാരിയായും നാനുവെറ്റ് ദേവാലയത്തിന്റെ സഹവികാരിയായും സേവനമനുഷ്ഠിച്ചുവരുന്നു. അമേരിക്കൻ മലങ്കര അതിഭദ്രാസന കൗൺസിൽ അംഗം, വൈദിക സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം ശ്രദ്ധേയ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സഭയ്ക്കും വിശ്വാസിസമൂഹത്തിനും നൽകിയ വിലമതിക്കാനാവാത്ത സംഭാവനകളെ മാനിച്ച് 2011 സെപ്റ്റംബർ 24-ന് അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ആർച്ച് ബിഷപ്പായ അഭിവന്ദ്യ മോർ തീത്തോസ് യൽദോ അദ്ദേഹത്തെ കോറെപ്പിസ്കോപ്പ പദവിയിലേക്ക് ഉയർത്തി.

1952 ഓഗസ്റ്റ് 9-ന് കേരളത്തിൽ ജനിച്ച വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോറെപ്പിസ്കോപ്പ






ബാല്യകാലം മുതൽ സഭാജീവിതത്തിൽ സജീവമായിരുന്നു. 1974-ൽ വൈദികപട്ടം സ്വീകരിച്ച അദ്ദേഹം 1976-ൽ ഔദ്യോഗിക വൈദിക ശുശ്രൂഷ ആരംഭിച്ചു. വിശ്വാസം, വിനയം, ആത്മസമർപ്പണം എന്നിവ ജീവിതത്തിന്റെ അടിസ്ഥാനമൂല്യങ്ങളാക്കി സഭയെയും സമൂഹത്തെയും ഒരുപോലെ സേവിച്ചുവരികയാണ് അദ്ദേഹം.

ഇന്ത്യയിൽ മുപ്പതിലധികം ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ച അദ്ദേഹം യുവജന പരിശീലനം, കുടുംബശുശ്രൂഷ, മതപഠനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ദേവാലയ നിർമാണം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയ നേതൃത്വം നൽകി. കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, വൈദിക സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചു. തൃക്കോതമംഗലം സെന്റ് മേരീസ് ബെത്‌ലഹേം ദേവാലയത്തിന്റെ നിർമാണം ഉൾപ്പെടെ നിരവധി പദ്ധതികളിൽ അദ്ദേഹത്തിന്റെ സംഭാവന നിർണായകമായിരുന്നു.

ചടങ്ങിൽ ന്യൂ സിറ്റി സെന്റ് ജോർജ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് ദേവാലയത്തിന്റെ വൈസ് പ്രസിഡന്റ് വിജയൻ ദാനിയേൽ , കമ്മിറ്റി അംഗം സണ്ണി വെള്ളാവള്ളിൽ, ജോയിന്റ് ട്രഷറർ സഞ്ജു ഇട്ടൻ, മാർത്ത മറിയം വനിതാ സമാജം സെക്രട്ടറി ലീലാമ്മ രാജൻ, അമേരിക്കൻ മലങ്കര അതിഭദ്രാസന വൈദിക സെക്രട്ടറി റവ. ഫാ. ഗീവർഗീസ് ചാലിശേരിൽ, വൈദിക കൗൺസിൽ അംഗം റവ. ഫാ. ആകാശ് പോൾ, അതിഭദ്രാസന ആസ്ഥാന മാനേജർ റവ. ഫാ. വർഗീസ് പോൾ, സെന്റ് ജോൺസ് തിയോളജിക്കൽ സെമിനാരി സി.ഇ.ഒ. റവ. ഫാ. ജെറി ജേക്കബ്, അതിഭദ്രാസന കൗൺസിൽ അംഗം റോയ് മാത്യു, ജിൻസ് മാത്യു, ദാസ് മത്തായി എന്നിവരും വിശ്വാസികളും സമൂഹത്തിലെ പ്രമുഖരും

വന്ദ്യ ചട്ടത്തിൽ അച്ചന്റെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. മലങ്കര യാക്കോബായ സുറിയാനി സഭയുടെ കാതോലിക്ക ശ്രേഷ്ഠ ബസേലിയോസ് ജോസഫ് ബാവായും, അമേരിക്കൻ മലങ്കര അതിഭദ്രാസനാധിപൻ അഭിവന്ദ്യ യെൽദൊ മോർ തീത്തോസ് ആർച്ച് ബിഷപ്പും ചടങ്ങിനോടനുബന്ധിച്ച് ആശംസകൾ അറിയിച്ചു.

റോക്ക്‌ലാൻഡ് കൗണ്ടിയുടെ ഈ അംഗീകാരം വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോറെപ്പിസ്കോപ്പയുടെ ദീർഘകാല ആത്മീയ-സാമൂഹിക സേവനങ്ങൾക്ക് ലഭിച്ച ചരിത്രപരമായ ആദരവാണ്. ഒരു വ്യക്തിക്കുള്ള ബഹുമതി എന്നതിലുപരി, മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ആത്മീയ പാരമ്പര്യത്തിനും വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മയ്ക്കും സഭാ നേതൃത്വത്തോടൊപ്പം അദ്ദേഹം നൽകിയ സമർപ്പിത സേവനങ്ങൾക്കും ലഭിച്ച പൊതുസമൂഹത്തിന്റെ ആദരസൂചകമായ അംഗീകാരമായാണ് ഈ ബഹുമതി വിലയിരുത്തപ്പെടുന്നത്.







pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us

# ഇന്ത്യാ കത്തോലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 210 വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു




ന്യൂയോർക്ക്, ബ്രൂക്ക്‌ലിൻ

ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക (ICAA) യുടെ നേതൃത്വത്തിൽ ബ്രൂക്ക്‌ലിനിലെ Blessed Sacrament Churchൽ സംഘടിപ്പിച്ച 'Back to School Program' പദ്ധതിയിൽ 210 വിദ്യാർത്ഥികൾക്ക് പഠന സാമഗ്രഹികൾ വിതരണം ചെയ്തു.

Art Lovers of America (ALA), Live On NY എന്നീ സംഘടനകളും ഈ സാമൂഹിക സേവന പദ്ധതിയിൽ പങ്കാളികളായി.

ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുതിയ മുഖവും പുതിയ ഭാവവും നൽകിയ ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക, ഇന്ത്യയിൽ തുടരുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഒപ്പം തന്നെ ന്യൂയോർക്കിലും കഷ്ടപ്പെടുന്ന ഒട്ടനവധി ആളുകൾ ഉണ്ടെന്നു തിരിച്ചറിഞ്ഞ് അവരെ സഹായിക്കുവാൻ 'അല' യുടെയും ലിവ് ഓൺ ന്യൂയോർക്കിന്റെയും സഹകരണത്തോടെ രംഗത്തു വരികയായിരുന്നു.

പദ്ധതിയുടെ ഭാഗമായി 210 സമ്പൂർണ്ണ സ്കൂൾ പഠനസാമഗ്രി കിറ്റുകൾ അർഹരായ വിദ്യാർത്ഥികൾക്ക് പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കലിന്റെയും ട്രസ്റ്റീ ബോർഡ് ചെയർമാൻ ആന്റോ വർക്കിയുടെയും നേതൃത്വത്തിൽ വിതരണം ചെയ്തു .

ഇന്ത്യൻ സമൂഹത്തിന്റെ മികച്ച പങ്കാളിത്തവും സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ പരിശ്രമവും ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ കൂട്ടായ നേതൃത്വവുമാണ് ഈ പദ്ധതി ഗംഭീര വിജയമാക്കി തീർത്തതെന്നു പ്രസിഡന്റ് ജോസഫ് മാത്യു അഭിപ്രായപ്പെട്ടു.

അമേരിക്കയിൽ സാധാരണക്കാരും പട്ടിണി അനുഭവിക്കുന്നവരും ഇല്ലെന്നാണ് നമ്മുടെ

പൊതു ധാരണയെങ്കിലും, അങ്ങനെയല്ലെന്നും അത് സമൂഹത്തിന്റെ ഉപരിപ്ലവമായ ചിന്തയാണെന്നും സിറ്റി ഏരിയകളിൽ ഭക്ഷണത്തിനു പോലും ബുദ്ധിമുട്ടുന്ന ഒട്ടനേകം പേരുണ്ടെന്നും പരിപാടി ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ബ്ലെസ്സഡ് സാക്രമെന്റ് ചർച്ച് അസോസിയേറ്റ് വികാരി ഫാ. ജോണി ചെങ്ങളാൻ സി എം ഐ അഭിപ്രായപ്പെട്ടു. ഒട്ടനവധി സാധുക്കളും സിംഗിൾ പേരെന്റ്സും ഉള്ള തന്റെ ഇടവക തന്നെ ഇങ്ങനെയൊരു സാമൂഹിക പദ്ധതിക്ക് തെരെഞ്ഞെടുത്തതിൽ ഇന്ത്യാ കാത്തലിക് അസോസിയേഷൻ പ്രവർത്തകരോട് നന്ദിയുണ്ടെന്നും ജോണി അച്ചൻ അറിയിച്ചു. ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ഈ നല്ല മാതൃക മറ്റുള്ള സംഘട്ടനകൾക്കും പ്രചോദനമാവട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

ചിറമേൽ അച്ചന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ അമേരിക്കൻ അംബാസിഡർ ആയിട്ടുള്ള ഇന്ത്യാ കാത്തലിക് അസോസിയേഷൻ കഴിഞ്ഞ കുറെ വർഷങ്ങളായി നാട്ടിൽ വിപുലമായ ചാരിറ്റി പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നത്. കഴിഞ്ഞ ഒരു വർഷം തന്നെ പത്തനംതിട്ടയിലെ ചുങ്കപ്പാറയിലും കോട്ടയത്തെ കുറവിലങ്ങാട്ടിലും ഓരോ വീടുകൾ പൂർത്തീകരിക്കുവാൻ ഇന്ത്യാ കാത്തലിക് അസിസ്സിയേഷന് സാധിച്ചു. എന്നാൽ അമേരിക്കയിൽ ഇത്രയും വലിയൊരു സാമൂഹിക പദ്ധതിയിൽ അസോസിയേഷൻ ആദ്യമായി പങ്കാളികൾ ആകുന്നതിൽ ചെയർമാൻ എന്ന നിലയിൽ അതീവ സന്തുഷ്ടനാണെന്നും ആന്റോ വർക്കി അറിയിച്ചു .

പുതിയ അധ്യയന വർഷം ആത്മവിശ്വാസത്തോടെയും പ്രത്യാശയോടെയും ആരംഭിക്കാൻ ഈ പദ്ധതി കുട്ടികൾക്ക് വലിയ പ്രചോദനമാകുമെന്നും ആന്റോ പ്രത്യാശിച്ചു.



പദ്ധതിയുടെ വിജയത്തിനായി സാമ്പത്തിക പിന്തുണ നൽകിയ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ അന്റോ വർക്കി കണ്ണാടൻ, എക്സ് ഒഫീഷ്യോ റോയ് ആന്റണി, ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗം ലിജോ ജോൺ എന്നിവരോടുള്ള പ്രത്യേക നന്ദി ഭാരവാഹികൾ രേഖപ്പെടുത്തി.

സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിൽ, വൈസ് പ്രസിഡന്റ് തോമസ് പ്രകാശ്, ട്രഷറർ ജോർജ് തോമസ്, ട്രസ്റ്റി ബോർഡ് അംഗങ്ങളായ ജോസ് മലയിൽ, മേരി ഫിലിപ്പ്, ജോൺ കെ. ജോർജ്, ജോയിന്റ് സെക്രട്ടറി മാത്യു ജോസഫ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ടോണി നമ്പിയാപറമ്പിൽ, ഓഡിറ്റർ സ്വപ്ന മലയിൽ, കൂടാതെ രാജു ജോർജ്, ജോയ് ജോർജ് ഫിലിപ്പ്, സ്കറിയ അഗസ്റ്റിൻ, അന്റോ പോൾ, മേഴ്‌സി മാത്യു, ജീന ജെയിംസ് എന്നിവരുടെ ആത്മാർത്ഥ സേവനവും സംഘാടനാ മികവും പരിപാടിയുടെ വിജയത്തിൽ നിർണായകമായി. അന്റോ പോളിന്റെ തുടർച്ചയായ സഹായസന്നദ്ധതയും ഉദാരമായ പിന്തുണയും ഈ പരിപാടി സംഘടിപ്പിക്കുന്നതിനു സഹായകമായി.

പരിപാടിയുടെ സഹസംഘാടകരായ Art Lovers of America (ALA), Live On NY എന്നീ സംഘടനകളുടെ നേതൃത്വത്തിനും പ്രതിനിധികൾക്കും

പരിപാടിക്ക് വേദിയും എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകിയ ബ്രൂക്ക്‌ലിൻ Blessed Sacrament

Church സമൂഹത്തിനും, അസോസിയേറ്റ് വികാരി റവ. ഫാ. ജോണി ചെങ്ങളാനും സന്നദ്ധ പ്രവർത്തകർക്കായി പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും സ്നേഹപൂർവ്വം ഒരുക്കുകയും ആത്മീയ പിന്തുണ നൽകിയതിനും സെക്രട്ടറി ജെയിംസ് ഇളമ്പുരയിടം പ്രത്യേകം നന്ദി രേഖപ്പെടുത്തി.

ഈ സേവന പദ്ധതിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ സ്പോൺസർമാർക്കും, പങ്കാളികൾക്കും, സന്നദ്ധ പ്രവർത്തകർക്കും, അനുഭാവികൾക്കും ഇന്ത്യാ

കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കൽ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനവും രേഖപ്പെടുത്തി.

ഈ പദ്ധതി ഇവിടെ അവസാനിക്കുന്നില്ലെന്നും തുടർന്നും നമ്മുടെ സമൂഹത്തിലെ അശരണർക്കായി ഇന്ത്യാ കാത്തലിക് അസോസിയേഷൻ കൈ കോർക്കുമെന്നും ഇഞ്ചക്കൽ പ്രസ്താവിച്ചു .





















#1'OTT' Platform
Download FREE
Scan QR Code to Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123